## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ




വാല്യം 23 | 2018 മെയ് | ലക്കം 5

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

**THE SYRO- MALANKARA CATHOLIC CHURCH**
# MAJOR ARCHDIOCESE OF TRIVANDRUM

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. No. CL-TVM 4/2018

25 April 2018

## സർക്കുലർ

## അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പത്തനംതിട്ട ഭദ്രാസനത്തിന്റെ Co-Adjutor ബിഷപ്പ്

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനത്തിന് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഔദ്യോഗിക അംഗീകാരം നൽകിയതനുസരിച്ച് നമ്മുടെ മേജർ അതിരൂപതയുടെ സഹായമെത്രാനായ അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയോസ് തിരുമേനി പത്തനംതിട്ട ഭദ്രാസനത്തിന്റെ Co-Adjutor ബിഷപ്പായി നിയമിതനായ വിവരം 2018 ഏപ്രിൽ 10-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ദൈവാലയത്തിൽ പ്രഖ്യാപിച്ചത് ഏവരും അറിഞ്ഞിരിക്കുമല്ലോ. അഭിവന്ദ്യ തിരുമേനി 2018 ഏപ്രിൽ 29-ന് 4 മണിക്ക് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ ദൈവാലയത്തിൽ പ്രാർത്ഥിച്ച് ചുമതല ഏറ്റെടുക്കുന്നതാണ്. പത്തനംതിട്ട ഭദ്രാസനാധിപൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ സഭാനിയമത്തിലുള്ള പ്രായപരിധി പ്രകാരം വിരമിക്കുമ്പോൾ അഭിവന്ദ്യ മാർ ഐറേനിയോസ് തിരുമേനി പത്തനംതിട്ട ഭദ്രാസനാധിപനായി ചുമതലയേൽക്കുന്നതാണ്. അഭിവന്ദ്യ തിരുമേനിക്ക് എല്ലാവിധ പ്രാർത്ഥനകളും അഭിനന്ദനങ്ങളും സന്തോഷപൂർവ്വം അർപ്പിക്കുന്നു.

പത്തനംതിട്ട ജില്ലയിൽ കടമ്മനിട്ട കാട്ടുകല്ലിൽ പരേതരായ കെ. സി. തോമസിന്റേയും അന്നമ്മയുടേയും മകനായി 1952 മെയ് 13-ന് ജനിച്ചു. കടമ്മനിട്ട ഗവ. ഹൈസ്ക്കൂളിൽ സ്കൂൾ വിദ്യാഭ്യാസവും തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലും ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലും വൈദിക പരിശീലനവും പൂർത്തിയാക്കി. 1978 ഡിസംബർ 22-ന് ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. കേരള സർവ്വകലാശാലയിൽ നിന്നും മലയാള സാഹിത്യത്തിൽ റാങ്കോടു കൂടി മാസ്റ്റർ ബിരുദവും ഡോക്ടറേറ്റും നേടി. ജറുസലേമിലെ താന്തുർ എക്യൂമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡിപ്ലോമ നേടി. തിരുവനന്തപുരം മേജർ അതിരൂപതയിൽ ഏറത്തുമ്പമൺ, മുട്ടത്തുകോണം, പമ്പുമല, വട്ടക്കരിക്കം, കുറ്റിച്ചൽ, വേങ്ങോട്, മഞ്ഞമല, വെള്ളാനിക്കൽ, കള്ളിയൽ, തിരുമല, ചാല, പാളയം ബസിലിക്ക, തിരുവല്ലം, കരകുളം, കല്ലയം, അഞ്ചൽ, തഴമേൽ, ഒഴുകുപാറക്കൽ എന്നീ ഇടവകകളിൽ വികാരി ആയിരുന്നു. ക്രൈസ്തവ കാഹളം മാസികയുടെ ചീഫ് എഡിറ്റർ, അഞ്ചൽ സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പാൾ, മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പാൾ, കേരള സർവ്വകലാശാലയുടെയും കാലടി ശ്രീ. ശങ്കര സംസ്കൃത സർവ്വകലാശാലയുടെയും ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, ഒ.എൻ.വി. ഫൗണ്ടേഷൻ, ഡോ. കെ. എം. ജോർജ്ജ് ട്രസ്റ്റ് എന്നിവയിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

2007 മെയ് 14-ന് തിരുവനന്തപുരം മേജർ അതിരൂപതയുടെ വികാരി ജനറാളായി നിയമിതനായ അഭിവന്ദ്യ പിതാവ് 2010 മാർച്ച് 13-ന് മാർ ഐറേനിയോസ് എന്ന നാമധേയത്വത്തിൽ തിരുവനന്തപുരം മേജർ അതിരൂപതയുടെ സഹായമെത്രാനായും മുഖ്യ വികാരി ജനറാളായും സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് വരികെയാണ് ഈ പുതിയ നിയമനം.

തിരുവനന്തപുരം മേജർ അതിരൂപതയുടെ സഹായമെത്രാനായി, അനന്തപുരിയുടെ ആത്മീയ മണ്ഡലങ്ങളിൽ പ്രശോഭിച്ച ഡോ. സാമുവൽ മാർ ഐറേനിയോസ് പിതാവ് സഭയ്ക്കും സമൂഹത്തിനും

പ്രത്യേകിച്ച് തിരുവനന്തപുരം മേജർ അതിരൂപതയ്ക്കും ചെയ്ത സേവനങ്ങൾ വിലമതിക്കാവുന്നതല്ല. ഇടവക വികാരിയായും മൈനർ സെമിനാരി റെക്ടറായും അഞ്ചൽ സെന്റ് ജോൺസ് കോളേജ്, മാർ ഈവാനിയോസ് കോളേജ് എന്നീ കോളേജുകളുടെ അധ്യാപകനായും പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചുകൊണ്ട് പിതാവ് തന്റെ ജീവിതം സഭയ്ക്കുവേണ്ടി ഉഴിഞ്ഞുവച്ചു.

നല്ലൊരു എഴുത്തുകാരനായ പിതാവ് ധാർമ്മിക മൂല്യങ്ങൾക്കുവേണ്ടി നിരന്തരം പോരാടിയിരുന്നു. ക്രിസ്തുവിന്റെ സജീവസാന്നിധ്യമായി എല്ലായിടത്തും വ്യാപരിക്കുവാൻ കഴിഞ്ഞ തിരുമേനി കേരള സഭയുടെ കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ പ്രണേതാവായും ധ്യാനഗുരുവായും അനന്തപുരിയിലെ ആത്മീയ ശുശ്രൂഷകരുടെ പ്രചോദകനായും നിലകൊണ്ടു. ജീവിതമേശയിൽ വചനസമ്പത്ത് വിളമ്പുന്ന നല്ലൊരു വചനപ്രഘോഷകനാണ് പിതാവ്. (കറുത്ത ചിരിയുടെ കവി, പ്രകാശത്തിന്റെ ഉത്സവം, ധന്യജീവിതം, വിശ്വാസവും വികസനവും എന്നീ കൃതികളുടെ ഗ്രന്ഥകർത്താവാണ്).

വലിയൊരു ശിഷ്യസമ്പത്തിന്റെ നല്ലൊരു ഗുരുനാഥനും ആത്മീയ പിതാവുമായി മാറാൻ വന്ദ്യ പിതാവിനു കഴിഞ്ഞു. നല്ലൊരു കവിയും ആസ്വാദകനും ആയ പിതാവ് ശുഭചിന്തകൾ നമ്മൾക്കായി തന്നു. തിരുവനന്തപുരം മേജർ അതിരൂപതയുടെ ആത്മീയവും ഭൗതീകവുമായ കർമ്മമണ്ഡലങ്ങളിൽ പ്രശോഭിച്ചിരുന്ന പിതാവ് എനിക്ക് ഒരു വലിയ ബലമായിരുന്നു.

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെയും തിരുവനന്തപുരം പൗരാവലിയുടെയും പ്രാർത്ഥനകളും ആശംസകളും അഭിവന്ദ്യ തിരുമേനിക്ക് നൽകുന്നതിനായി 2018 ഏപ്രിൽ 25 രാവിലെ 11.00 മണിക്ക് മേജർ അതിഭദ്രാസന ദൈവാലയത്തിൽ ബഹു. വൈദികരും സന്ന്യസ്തരും സമൂഹത്തിന്റെ വിവിധ തുറകളിലുമുള്ളവരും ഒത്തുചേർന്നു.

2018 ഏപ്രിൽ 29 ഞായറാഴ്ച വൈകുന്നേരം 4.00 മണിക്ക് അഭിവന്ദ്യ തിരുമേനി പത്തനംതിട്ട ഭദ്രാസന ദൈവാലയത്തിൽ എത്തിചുമതല ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതിൽ സംബന്ധിക്കുന്നതിനായി നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ ഉണ്ടാവണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഒരു ചരിത്രനിയോഗം പോലെ പിതാവ് ചരിത്രമുറങ്ങുന്ന പത്തനംതിട്ടയുടെ അമരക്കാരനാകാൻ പോകുകയാണ്. പത്തനംതിട്ട ഭദ്രാസനത്തിലേക്ക് യാത്രയാകുന്ന വന്ദ്യപിതാവ്, ആടുകളുടെ ചൂരുള്ള നല്ലിടയനായി പ്രവാചകദൗത്യത്തോടെ രൂപതയെ നോക്കി നടത്തുവാൻ വേണ്ട എല്ലാ പ്രാപ്തിക്കായും പ്രാർത്ഥനാശംസകൾ നേരുന്നു. തമ്പുരാൻ ആയുസും ആരോഗ്യവും നല്കിക്കൊണ്ട്, പരി. ദൈവമാതാവിന്റെ പ്രത്യേക സംരക്ഷണത്തിൽ അഭിവന്ദ്യ തിരുമേനി സഭാശുശ്രൂഷ ചെയ്യുവാൻ ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,



✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
തിരുവനന്തപുരം മേജർ അതിരൂപതയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

# മൂവാറ്റുപുഴ, പത്തനംതിട്ട ഭദ്രാസനങ്ങളിൽ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്താമാർ നിയമിതരായി

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ മൂവാറ്റുപുഴ ഭദ്രാസനത്തിലും പത്തനംതിട്ട ഭദ്രാസനത്തിലും പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്താമാരെ സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി നിയമിച്ചു. പത്തനംതിട്ട ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്തയായി (കോ-അഡ്ജുത്തൂർ ബിഷപ്പ്) നിലവിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായ മെത്രാനായിരിക്കുന്ന അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി നിയമിതനായി. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്തയായി (കോ-അഡ്ജുത്തൂർ ബിഷപ്പ്) നിലവിൽ കൂരിയ മെത്രാനും യൂറോപ്പിന്റെയും ഓഷ്യാനയുടെയും അപ്പസ്തോലിക സന്ദർശകനുമായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിയും നിയമിതനായി. പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനത്തിന് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരം ലഭിച്ചതനുസരിച്ചാണ് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പുതിയ നിയമനങ്ങൾ നടത്തിയത്. നിലവിലെ പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയും മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനിയും ഔദ്യോഗിക ചുമതലകളിൽ നിന്നും കാനോനിക നിയമമനുസരിച്ച് വിരമിക്കുന്നതനുസരിച്ച് പുതുതായി നിയമിക്കപ്പെട്ടിരിക്കുന്ന പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്താമാർ ഭദ്രാസനാദ്ധ്യക്ഷന്മാരായി ചുമതല ഏറ്റെടുക്കും. മൂവാറ്റുപുഴ ഭദ്രാസനത്തിലെ പിൻതുടർച്ചാവകാശമുള്ള

മെത്രാപ്പോലീത്ത എന്ന ഔദ്യോഗിക ചുമതല 2018 ഏപ്രിൽ 12-ന് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിയും പത്തനംതിട്ട ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്ത എന്ന ഔദ്യോഗിക ചുമതല 2018 ഏപ്രിൽ 29-ന് അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയും ഏറ്റെടുത്തു.

## പത്മഭൂഷൺ അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ തിരുമേനിക്ക് ആദരം

നൂറാം വയസ്സ് പിന്നിടുന്ന മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്ത പത്മഭൂഷൺ അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ തിരുവനന്തപുരം പൗരാവലിയുടെ ആഭിമുഖ്യത്തിൽ പൗരസ്വീകരണവും ആദരവും 2018 മെയ് 1-ന് നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി സ്വാഗതപ്രസംഗം നടത്തി.  ബഹു. സംസ്ഥാന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അദ്ധ്യക്ഷത വഹിച്ചു. ബഹു. കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ. രാജ്നാഥ് സിംഗ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ബഹു. രാജ്യസഭ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി. ജെ. കുര്യൻ, ബഹു. സംസ്ഥാന നിയമസഭ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല,  ബഹു. സംസ്ഥാന സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. ശശി തരൂർ എം.പി., ശ്രീ. വി. മുരളീധരൻ എം.പി., ബഹു. തിരുവനന്തപുരം മേയർ ശ്രീ. വി. കെ. പ്രശാന്ത്, പാളയം ഇമാം ജനാബ് സുഹൈബ് മൗലവി, ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി ശ്രീ. ഗുരുരത്നം ജ്ഞാനതപസ്വി, ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷൻ ശ്രീ. കുമ്മനം രാജശേഖരൻ, ശ്രീ. രഘുചന്ദ്രൻ നായർ, ശ്രീ. ഏബ്രഹാം തോമസ്, ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്., ശ്രീ. രാജ് മോഹൻ, ശ്രീ. ഇ.എം. നജീബ് എന്നിവർ പ്രസംഗിച്ചു. നിരവധി ജനപ്രതിനിധികൾ, അഭിവന്ദ്യരായ മെത്രാപ്പോലീത്താമാർ, നിരവധി ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ, വൈദികർ, സന്ന്യസ്തർ, സമൂഹത്തിന്റെ വിവിധ മേഖലകളിലായിരിക്കുന്ന അനേകർ പരിപാടികളിൽ സംബന്ധിച്ചു.

# പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനങ്ങൾ

2018 ഫെബ്രുവരി 19 മുതൽ 22 വരെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ ആസ്ഥാന കാര്യാലയമായ പട്ടം കാതോലിക്കേറ്റ് അരമനയിലെ വി. ജോൺ പോൾ രണ്ടാമൻ സുന്നഹദോസ് ഹാളിൽ നടന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 22-ാം സാധാരണ പരി. എപ്പിസ്കോപ്പൽ സുന്നഹദോസിൽ ചർച്ച ചെയ്ത് സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി അംഗീകരിച്ച തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. കാതോലിക്കാദിന സ്തോത്ര കാഴ്ച സമർപ്പണം

പരി. എപ്പിസ്കോപ്പൽ സുന്നഹദാസ് ഓരോ ഭദ്രാസനങ്ങളുമായും കൂടി ആലോചിച്ച് ഭദ്രാസനങ്ങൾ കാതോലിക്കാദിനത്തിലെ സമർപ്പണമായി നൽകേണ്ട തുക തീരുമാനിച്ചു. 2019 ജനുവരി 1 മുതൽ ഇത് പ്രാബല്യത്തിൽ വരും. ഓരോ ഭദ്രാസനവും നൽകേണ്ടുന്ന തുക ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം മേജർ അതിഭദ്രാസനം | - | 10,00,000/- |
| 2. | തിരുവല്ലാ അതിഭദ്രാസനം | - | 7,00,000/- |
| 3. | ബത്തേരി ഭദ്രാസനം | - | 5,00,000/- |
| 4. | മാർത്താണ്ഡം ഭദ്രാസനം | - | 3,00,000/- |
| 5. | മാവേലിക്കര ഭദ്രാസനം | - | 3,55,000/- |
| 6. | മൂവാറ്റുപുഴ ഭദ്രാസനം | - | 2,00,000/- |
| 7. | പത്തനംതിട്ട ഭദ്രാസനം | - | 4,00,000/- |
| 8. | പുത്തൂർ ഭദ്രാസനം | - | 1,55,000/- |
| 9. | ഗുഡ്ഗാവ് ഭദ്രാസനം | - | 2,00,000/- |
| 10. | അമേരിക്കൻ ഭദ്രാസനം | - | 12,000 ഡോളർ |
| 11. | പാറശ്ശാല ഭദ്രാസനം | - | 1,00,000/- |
| 12. | പൂനാ-കട്കി എക്സാർക്കേറ്റ് | - | 2,00,000/- |

സഭയിലെ വിവിധ സന്ന്യാസ സമൂഹങ്ങൾ സമർപ്പിക്കേണ്ടുന്ന തുക മേജർ ആർച്ചുബിഷപ്പ് കാതോലിക്കാബാവാ തിരുമേനി അവരുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

## 2. ഡയറക്ടറി

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഡയറക്ടറി എത്രയും വേഗം പ്രസിദ്ധീകരിക്കേണ്ടതാണ്. ബഹു. വൈദികരുടെ ട്രാൻസ്ഫറുകൾ കാലാനുസൃതമായി നടക്കുന്നതുകൊണ്ട് ബഹു. വൈദികരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ അവരുടെ പേരും ഫോൺ നമ്പരും ഇ-മെയിൽ ഐ.ഡി. യും മാത്രമാണ് ഡയറക്ടറിയിൽ നൽകേണ്ടതെന്ന് തീരുമാനിച്ചു. 2018 ഏപ്രിൽ 15-നു മുമ്പ് ഭദ്രാസനങ്ങൾ ഡയറക്ടറിയിൽ ചേർക്കേണ്ട വിവരങ്ങൾ നൽകേണ്ടതും 2018 മെയ് ആദ്യ ആഴ്ചയിൽ തന്നെ ഡയറക്ടറി പുറത്തിറക്കേണ്ടതുമാണ്.

## 3. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ രണ്ടാമത്തെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി വിളിച്ചു ചേർക്കേണ്ടതിന്റെ, പ്രത്യേകിച്ച് മലങ്കര പുനരൈക്യ പ്രസ്ഥാനം അതിന്റെ ശതാബ്ദിയിലേക്ക് പ്രവേശിക്കുന്നതിന്റെ പശ്ചാത്തലത്തിൽ വിളിച്ചു ചേർക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് പരിശുദ്ധ സുന്നഹദോസ് ചിന്തിച്ചു. ശതാബ്ദിയിലേക്കും മലങ്കര സുറിയാനി കത്തോലിക്കാ സഭ ഒരു മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി ആഘോഷങ്ങൾക്കും ഇനി 12 വർഷമാണ് അവശേഷിക്കുന്നത്. ഭദ്രാസന അസംബ്ലികൾ ഈ പശ്ചാത്തലത്തിൽ നടക്കണം. ഓരോ വർഷവും ഓരോ പ്രത്യേക ചിന്താവിഷയമുണ്ടായിരിക്കണം. 'കുടുംബം' എന്ന വിഷയത്തെ അടുത്ത സഭാ അസംബ്ലിയുടെ വിഷയമായി തീരുമാനിക്കപ്പെട്ടു. സഭാതലത്തിലുള്ള അസംബ്ലിക്കു മുന്നോടിയായി ഇടവകതല-വൈദിക ജില്ലാതല ഭദ്രാസനതല അസംബ്ലികൾ നടക്കപ്പെടണം. അസംബ്ലിയുടെ ലീനിയമെന്ത (അടിസ്ഥാനദർശനരേഖ) തയ്യാറാക്കുന്നതിനായി ഒരു പ്രാരംഭ കമ്മീഷനെ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി നിയമിച്ചു. അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനി കമ്മീഷന്റെ കൺവീനറായും അഭിവന്ദ്യരായ തോമസ് മാർ അന്തോണിയോസ്, സാമുവൽ മാർ ഐറേനിയോസ് എന്നീ തിരുമേനിമാർ അംഗങ്ങളായും നിയമിക്കപ്പെട്ടു. താഴെ പറയുന്ന അംഗങ്ങളെ പ്രാരംഭതല കൂടിയാലോചന സംഘത്തിൽ ഭദ്രാസന പ്രതിനിധികളായി ഉൾപ്പെടുത്തി.

തിരുവനന്തപുരം മേജർ അതിഭദ്രാസനം

1. റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ (സിഞ്ചെല്ലൂസ്)
2. ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്. (പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

തിരുവല്ലാ അതിഭദ്രാസനം

1. റൈറ്റ് റവ. മോൺ. ചെറിയാൻ താഴമൺ (പ്രോട്ടോ സിഞ്ചെല്ലൂസ്)
2. ശ്രീ. പീറ്റർ റ്റി. ജോൺ (പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

ബത്തേരി ഭദ്രാസനം

1. റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ട്
2. ശ്രീ. ഫിലിപ്പ് നൈനാൻ താന്നിക്കാക്കുഴി

മാർത്താണ്ഡം ഭദ്രാസനം

1. റവ. ഡോ. ജോസ് (മൈനർ സെമിനാരി റെക്ടർ)
2. ഡോ. ഷെർളിൻ

മാവേലിക്കര ഭദ്രാസനം

1. റവ. ഫാ. റോഷൻ ജോൺ
2. ശ്രീ. കെ. ഒ. രാജു

മൂവാറ്റുപുഴ ഭദ്രാസനം

1. റവ. ഡോ. വർക്കി മടത്തിക്കുന്നത്ത്
2. ശ്രീ. വി. സി. ജോർജ്ജുകുട്ടി

പത്തനംതിട്ട ഭദ്രാസനം

1. റവ. ഡോ. ജോസഫ് കളവിള
2. ശ്രീ. വർഗ്ഗീസ് സി.ഒ.

പുത്തൂർ ഭദ്രാസനം

1. റൈറ്റ് റവ. മോൺ. എൽദോ പുത്തൻകണ്ടത്തിൽ (പ്രോട്ടോ സിഞ്ചെല്ലൂസ്)
2. ശ്രീ. സജിത്ത് (എം.സി.എ. പ്രസിഡന്റ്)

ഗുഡ്ഗാവ് ഭദ്രാസനം

1. റൈറ്റ് റവ. മോൺ. ഷാജി ഡാനിയേൽ മാണികുളം (സിഞ്ചെല്ലൂസ്)
2. ശ്രീ. എൻ.സി. ഫിലിപ്പ്

അമേരിക്കൻ ഭദ്രാസനം

1. റൈറ്റ് റവ. മോൺ. പീറ്റർ കോച്ചേരി (സിഞ്ചെല്ലൂസ്)
2. ശ്രീ. വർഗീസ് ജോൺ (പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

പാറശ്ശാല ഭദ്രാസനം

1. റവ. ഡോ. വർഗ്ഗീസ് നടുതല
2. ബാർ ഈത്തോ കാശീറോ പി. പൗലോസ്

പൂനാ-കട്കി എക്സാർക്കേറ്റ്

1. റവ. ഫാ. ജോസഫ് വെൺമാനത്ത്
2. ശ്രീ. എം. എ. ജോർജ്ജ്

പ്രസ്തുത കമ്മീഷൻ ലീനിയമെന്ത (അടിസ്ഥാന ദർശനരേഖ) യുടെ ആദ്യ ഡ്രാഫ്റ്റ് 2018 ജൂൺ 27-ന് മുമ്പ് സമർപ്പിക്കേണ്ടതും ജൂൺ 27-ന് ഭാഗ്യസ്മരണാർഹനായ ജേക്കബ് മാർ തെയഫിലോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനെ തുടർന്ന് 2018 ജൂൺ 27-ന് നടക്കുന്ന പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ ഇത് ചർച്ച ചെയ്യുന്നതുമാണ്. വിശദമായ ചർച്ചയ്ക്ക് ശേഷം ഈ ലീനിയമെന്ത വിവിധ ഘട്ടങ്ങളിലുള്ള പഠനങ്ങൾക്ക് വിധേയമാക്കി സഭാ അസംബ്ലിക്ക് വേണ്ടിയുള്ള പ്രവർത്തനരേഖയായി പ്രസ്തുത കമ്മീഷൻ തയ്യാറാക്കുന്നതുമാണ്.

സഭാതല അസംബ്ലി 2019 ഒക്ടോബർ 8 മുതൽ 10 വരെ കാതോലിക്കേറ്റ് സെന്ററിൽ നടക്കും. 2019 ഒക്ടോബർ 10 ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സ്വർഗപ്രവേശനത്തിന്റെ രജതജൂബിലിയായി ആഘോഷിക്കുവാൻ തീരുമാനിച്ചു.

## 4. 88-ാം പുനരൈക്യ വാർഷിക ആഘോഷം

കഴിഞ്ഞ വർഷം നടന്ന പരിശുദ്ധ സുന്നഹദോസിൽ 2018-ലെ പുനരൈക്യ വാർഷിക ആഘോഷങ്ങളുടെ ആതിഥ്യം വഹിക്കുന്നത് മൂവാറ്റുപുഴ ഭദ്രാസനമാണെന്ന് തീരുമാനിച്ചിരുന്നു. തുടർന്ന് വരുന്ന വർഷങ്ങളിൽ പുനരൈക്യ വാർഷിക ആഘോഷങ്ങൾക്ക് ആതിഥേയത്വം വഹിക്കുന്നവരുടെ ക്രമം ചുവടെ ചേർക്കുന്നു.

2019- സഭാതല അസംബ്ലി നടക്കുന്ന വർഷമാകയാൽ പുനരൈക്യ വാർഷിക ആഘോഷങ്ങൾ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ ആതിഥേയത്വത്തിൽ നടക്കും. തദവസരത്തിൽ ശതാബ്ദിയിൽ എത്തിയിരിക്കുന്ന ബഥനി സന്ന്യാസ സമൂഹത്തെ പ്രത്യേകം ആദരിക്കും.

2020 - മാവേലിക്കര ഭദ്രാസനം
2021 - മാർത്താണ്ഡം ഭദ്രാസനം
2022 - ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനം
2023 - പത്തനംതിട്ട ഭദ്രാസനം
2024 - പൂനാ-കട്കി എക്സാർക്കേറ്റ്

**5. മാർ ഈവാനിയോസ് ദിനം 2018**

ഈ വർഷം ജൂലൈ 15 ഞായറാഴ്ച ആകയാൽ റാന്നി-പെരുന്നാട് നിന്നുള്ള പ്രധാന പദയാത്ര 2018 ജൂലൈ 9-ന് ആരംഭിക്കും. മെഴുകുതിരി പ്രദക്ഷിണ നേർച്ച 2018 ജൂലൈ 13-നും ഓർമ്മദിനത്തിന്റെ പ്രധാന ശുശ്രൂഷകൾ 2018 ജൂലൈ 14-നും നടക്കും. ജൂലൈ 15 ഞായറാഴ്ച ആകയാൽ എല്ലാ ഇടവകകളിലും ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ഇടവക തലത്തിൽ നടത്തണം. ഈ വർഷത്തെ മാർ ഈവാനിയോസ് ദിനത്തിന്റെ പ്രധാന അതിഥി ജർമ്മനിയിലെ കൊളോൺ ആർച്ചുബിഷപ്പ് അത്യുന്നത കർദ്ദിനാൾ റെയ്നർ മരിയ വോൾക്കി തിരുമേനി ആയിരിക്കും.

**6. സന്ന്യാസസമൂഹങ്ങളെ സംബന്ധിച്ച ചർച്ചകൾ**

പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് ബഥനി സന്ന്യാസസമൂഹത്തിന്റെ ശതാബ്ദി ആഘോഷങ്ങൾ സംയുക്തമായി ആഘോഷിക്കുന്നത് അർത്ഥവത്താണ് എന്ന് സുന്നഹദോസ് നിരീക്ഷിച്ചു. ശതാബ്ദി ആഘോഷങ്ങളുടെ സമാപന ആഘോഷങ്ങൾ 2019-ൽ നടക്കും.

**7. സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി**

ഇപ്പോൾ ഓരോ ഭദ്രാസനവും ഒരു വൈദികവിദ്യാർത്ഥിയുടെ വാർഷിക ഫീസായി 2000/- രൂപയാണ് സെമിനാരിയിൽ നൽകുന്നത്. മേജർ സെമിനാരിയുടെ ഇപ്പോഴത്തെ സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് പ്രസ്തുത തുക 10 മാസത്തേക്ക് 5000/- രൂപാ ഓരോ വൈദികാർത്ഥിക്കും എന്ന നിരക്കിൽ 2017-18 അദ്ധ്യയന വർഷം മുതൽ നൽകണം. വട്ടപ്പാറയിലുള്ള സെമിനാരിയുടെ എസ്റ്റേറ്റ് ലാഭകരമായ വിധത്തിൽ ഉപയോഗപ്പെടുത്തുവാനായി വിശദ പഠനം നടത്തുവാൻ സെമിനാരി കമ്മീഷനെ സുന്നഹദോസ് നിയോ

ഗിച്ചു. സെമിനാരിയിൽ വിശുദ്ധ ബൈബിൾ, ധാർമ്മിക ദൈവ ശാസ്ത്രം എന്നീ വിഷയങ്ങൾക്ക് റസിഡന്റ് അധ്യാപകരുടെ കുറവ് ഉണ്ട് എന്ന് സുന്നഹദോസ് നിരീക്ഷിച്ചു. ഇക്കാര്യം എത്രയും പെട്ടെന്ന് ശരിയായ വിധത്തിൽ പരിഹരിക്കുവാൻ സെമിനാരി കമ്മീഷനോട് ആവശ്യപ്പെട്ടു. മലങ്കര സെമിനാരിയുടെ നേതൃത്വ ത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഒരു റിസോഴ്സ് ഗ്രന്ഥം ഉണ്ടാകേണ്ടതിന്റെ ആവശ്യകത സുന്നഹദോസ് എടുത്തു പറഞ്ഞു. ഭാവിയിലേക്കുള്ള ഗവേഷണങ്ങൾക്കും നമ്മുടെ പുതിയ തലമുറയ്ക്കും പ്രസ്തുത ഗ്രന്ഥം പ്രയോജനപ്രദമായിരിക്കും.

## 8. മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലെ റീജൻസി ബ്രദേഴ്സിന്റെ സേവനം

അടുത്ത വർഷത്തേക്ക് മാർത്താണ്ഡം, പുത്തൂർ ഭദ്രാ സനങ്ങൾ അവരവരുടെ ഭദ്രാസനങ്ങളിൽ നിന്ന് ഒരു റീജെൻസി ബ്രദറിനെ വീതം മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലെ ശുശ്രൂഷയ്ക്കായി നൽകുന്നതാണ് എന്ന് സമ്മതിച്ചു.

## 9. സുന്നഹദോസ് കമ്മീഷന്റെ പുനഃക്രമീകരണം

വിശ്വാസപരിശീലന വിഭാഗവും എം.സി.സി.എൽ. ഉം കൂടുതൽ കാര്യക്ഷമമായും കൂട്ടുത്തരവാദിത്വത്തോടും കൂടി പ്രവർത്തിക്കേ ണ്ടതിന് ഭദ്രാസനതല എം.സി.സി.എൽ. ഡയറക്ടറെ പ്രസ്തുത ഭദ്രാസനത്തിന്റെ വിശ്വാസ പരിശീലന കാര്യാലയത്തിന്റെ അസി. ഡയറക്ടറായി നിയമിക്കുവാൻ തീരുമാനിച്ചു.

സുന്നഹദോസ് കമ്മീഷനുകളിൽ പുതുതായി നിയമിക്കപ്പെട്ടവർ

1. വിശ്വാസപരിശീലന കമ്മീഷൻ
ചെയർമാൻ - അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനി
2. വൈദികർക്കായുള്ള കമ്മീഷൻ
ചെയർമാൻ - അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ മക്കാറിയോസ് തിരുമേനി
3. ദൈവശാസ്ത്ര, ചരിത്ര, പ്രസിദ്ധീകരണ കമ്മീഷൻ
സെക്രട്ടറി - റവ. ഡോ. മത്തായി കടവിൽ ഒ.ഐ.സി.
4. ബൈബിൾ കമ്മീഷൻ
സെക്രട്ടറി - റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ

5. സുവിശേഷവത്കരണത്തിനായുള്ള കമ്മീഷൻ
ചെയർമാൻ - അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനി
അംഗം - അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് തിരുമേനി
6. സെമിനാരി പരിശീലനത്തിനായുള്ള കമ്മീഷൻ
സെക്രട്ടറി - വെരി റവ. ഫാ. കുരിയാക്കോസ് തടത്തിൽ
7. സാമൂഹികക്ഷേമം-ദളിത് മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള കമ്മീഷൻ
ചെയർമാൻ - അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് തിരുമേനി
8. പ്രവാസികൾക്കായുള്ള കമ്മീഷൻ
ചെയർമാൻ - അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനി

ദൈവശാസ്ത്ര കമ്മീഷന്റെ നേതൃത്വത്തിൽ മലങ്കര അക്കാഡമി പുനർജ്ജീവിപ്പിക്കണമെന്ന് തീരുമാനിച്ചു. നമ്മുടെ രാജ്യതലസ്ഥാനമായ ന്യൂഡൽഹിയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പേരിൽ ഒരു സാമൂഹിക സേവന ഫോറം രജിസ്റ്റർ ചെയ്യണമെന്ന് തീരുമാനിക്കുകയുണ്ടായി. അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് തിരുമേനിയെ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാനായി ചുമതലപ്പെടുത്തി.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വെബ്സൈറ്റ് ആനുകാലികമായി നവീകരണക്കേണ്ടത് ആവശ്യമാണ്. ഭദ്രാസനങ്ങളും സിനഡൽ കമ്മീഷനുകളും ഭദ്രാസനങ്ങളിലും കമ്മീഷനുകളിലും നടക്കുന്ന പ്രധാന സംഭവങ്ങൾ കാലതാമസം കൂടാതെ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായെ അറിയിക്കേണ്ടതാണ്. സിനഡൽ കമ്മീഷൻ ചെയർമാൻമാരും ഭദ്രാസനങ്ങളിലെ പി.ആർ.ഒ. മാരും പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കുവാൻ താല്പര്യമെടുക്കേണ്ടതാണ്.

## 10. മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്

2018 മാർച്ച് 25 മുതൽ 2019 മാർച്ച് 25 വരെ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ യുവജനവർഷമായി പ്രഖ്യാപിക്കുവാൻ പരിശുദ്ധ സുന്നഹദോസ് തീരുമാനിച്ചു. യുവാവായ യേശുക്രിസ്തുവിനെ അടുത്തറിയുന്നതിനും യേശുവിനെ യുവജനങ്ങൾ അവരുടെ ജീവിതസാഹചര്യങ്ങളിൽ കൂടുതൽ അനുകരിക്കുന്നതിനും അവരെ പ്രബുദ്ധരാക്കുക എന്നതാണ് ഈ വർഷാചരണ

ത്തിന്റെ ലക്ഷ്യം. എം.സി.വൈ.എം.-ന്റെ സഭാതല പ്രസിഡന്റ് ശ്രീ. ടിനു കുര്യാക്കോസിനോട് റോമിൽ യുവജനങ്ങൾക്കായുള്ള ആഗോള സഭാ സിനഡിന് മുന്നോടിയായി നടക്കുന്ന സമ്മേളനത്തിൽ നമ്മുടെ സഭയെ പ്രതിനിധീകരിച്ച് പങ്കെടുക്കുവാൻ ആവശ്യപ്പെട്ടതായി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പരിശുദ്ധ സുന്നഹദോസിനെ അറിയിച്ചു.

### 11. മറ്റ് നിർദ്ദേശങ്ങൾ

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മേൽപ്പട്ടക്കാരുടെ സ്ഥാനക്രമം CPCC SMCC c 80 പ്രകാരം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. സ്ഥാനക്രമം ചുവടെ ചേർക്കുന്നു.

1. മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി
2. അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി
3. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി
4. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി
5. അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി
6. അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് തിരുമേനി
7. അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനി
8. അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി
9. അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനി
10. അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനി
11. അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ മക്കാറിയോസ് തിരുമേനി
12. അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി
13. അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനി
14. അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് തിരുമേനി
15. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി

# അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിക്ക് യാത്രയയപ്പ് നൽകി

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായ മെത്രാനായി 8 വർഷമായി സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിച്ച ശേഷം പത്തനംതിട്ട ഭദ്രാസനത്തിന്റെ പിന്തുടർച്ചാവകാശമുള്ള മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ട അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിക്ക് തിരുവനന്തപുരം മേജർ അതി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം പൗരാവലി യുടെ സഹകരണത്തിലും 2018 ഏപ്രിൽ 25-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഔദ്യോഗിക യാത്രയയപ്പ് നൽകി.

രാവിലെ 9.30-ന് മേജർ അതിഭദ്രാസനത്തിലെ വൈദിക കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ പ്രാർത്ഥനാസംഗമം നടന്നു. വി. കുർബാനയുടെ ആരാധനയും കൃതജ്ഞതാ സ്തോത്ര പ്രാർത്ഥനയും നടന്നു. വൈദികസംഘത്തെ പ്രതിനിധീകരിച്ച് റവ. ഫാ. ജോൺസൺ പുതുവലിൽ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേ നിക്ക് കൃതജ്ഞതയും ആശംസയും അർപ്പിച്ചുകൊണ്ട് സംസാരിച്ചു. 11.30-ന് പൊതുസമ്മേളനം ആരംഭിച്ചു. ബഹു. കേരള സംസ്ഥാന മുൻ ഡി.ജി.പി. യും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുമായ ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്. സ്വാഗതം ആശംസിച്ചു. മലങ്കര സഭയുടെ തലവനും പിതാവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യ ക്ഷനുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി മൈനർ സെമിനാരി യിൽ പ്രവേശിച്ച നാൾ മുതൽ തിരുവനന്തപുരം മേജർ അതിഭദ്രാ സനത്തിലെ വിവിധങ്ങളായ ശുശ്രൂഷകൾ, നിരവധി ഇടവകകളിലെ അജപാലനപരമായ ശുശ്രൂഷകൾ, മാർ ഈവാനിയോസ് കോളേജ്

പ്രിൻസിപ്പൽ, അഞ്ചൽ സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പൽ തുടങ്ങിയ വിദ്യാഭ്യാസ മേഖലകളിലെ ശുശ്രൂഷകൾ, വചന പ്രഘോഷണ മേഖലയിലെയും മലയാള സാഹിത്യ മേഖല കളിലെയും സംഭാവനകൾ എന്നിവയെല്ലാം മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് അഭിമാനകരമാണ് എന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പറഞ്ഞു. മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാൻ എന്ന നിലയിൽ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിക്ക് നൽകിയ വലിയ പിന്തുണയ്ക്ക് കൃതജ്ഞത അറിയിക്കുന്നതായും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

യാത്രയയപ്പ് പൊതുസമ്മേളനം ബഹു. കേരള സംസ്ഥാന മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ ആത്മീയ-അധ്യാപന-സാംസ്കാരിക മേഖലകളിൽ മാതൃകയാക്കാവുന്ന വ്യക്തിത്വമാണ് എന്ന് ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു.

കണ്ടുമുട്ടിയവർക്കെല്ലാം സാന്ത്വന സ്പർശം നൽകിയ ദൈവികതയുള്ള മനുഷ്യനാണ് അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി എന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതാ ആർച്ചുബിഷപ്പും കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ അദ്ധ്യക്ഷനുമായ ആർച്ചുബിഷപ്പ് അഭിവന്ദ്യ ഡോ. എം. സൂസൈപാക്യം തിരുമേനി അഭിപ്രായപ്പെട്ടു.

സാഹിത്യത്തോടും മറ്റു പൊതുകാര്യങ്ങളോടും സവിശേഷ താല്പര്യം കാട്ടിയ ആത്മീയാചാര്യനാണ് അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി എന്ന് ബഹു. സംസ്ഥാന ധനകാര്യ വകുപ്പു മന്ത്രി ശ്രീ. തോമസ് ഐസക് പറഞ്ഞു. ബഹു. മന്ത്രിമാരായ ശ്രീ. കെ. രാജു, ശ്രീ. എം.എം. മണി എന്നിവരും പ്രസംഗിച്ചു. ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ ഉപാദ്ധ്യക്ഷനും മാവേലിക്കര ഭദ്രാസനാധിപനുമായ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ തിരുമേനി, നെയ്യാറ്റിൻകര രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ബിഷപ്പ് ഡോ. വിൻസെന്റ് സാമുവൽ തിരു

മേനി, സി.എസ്.ഐ. സഭയുടെ അഭിവന്ദ്യ ബിഷപ്പ് ഡോ. ധർമ്മരാജ് റസാലം തിരുമേനി, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കൂരിയാ മെത്രാനും മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്തയുമായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ തിരുമേനി, തിരുവനന്തപുരം ലത്തീൻ അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ ബിഷപ്പ് ഡോ. ആർ. ക്രിസ്തുദാസ്, ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി ശ്രീ. ഗുരുരത്നം ജ്ഞാനതപസ്വി, പാളയം ഇമാം വി. പി. സുഹൈബ് മൗലവി, മുൻ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. പാലോട് രവി, മദർ ജെൽസ് ഡി.എം., പ്രൊഫ. ഡോ. ജിബി ഗീവർഗീസ് എന്നിവർ ആശംസകൾ നേർന്നു. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി മറുപടി പ്രസംഗം നടത്തി. തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ കൃതജ്ഞത അർപ്പിച്ചു.

ബഹു. എം.പി. മാരായ പ്രൊഫ. കെ. വി. തോമസ്, ഡോ. ശശി തരൂർ, ശ്രീ. കൊടിക്കുന്നിൽ സുരേഷ്, ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, ശ്രീ. ബി. സത്യൻ എം.എൽ.എ., മുൻ ചീഫ് സെക്രട്ടറി ശ്രീ. ജോൺ മത്തായി, മുൻ വൈസ് ചാൻസിലർ ഡോ. ജാൻസി ജെയിംസ്, പ്രശസ്ത സാഹിത്യകാരൻ ശ്രീ. പെരുമ്പടവം ശ്രീധരൻ, പ്രശസ്ത പിന്നണി ഗായകൻ ശ്രീ. ജാസി ഗിഫ്റ്റ് എന്നിവർ സംബന്ധിച്ചു.

## അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി പത്തനംതിട്ട ഭദ്രാസനത്തിൽ ചുമതലയേറ്റു

പത്തനംതിട്ട ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്തയായി നിയമിതനായ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി 2018 ഏപ്രിൽ 29-ന് പത്തനംതിട്ട ഭദ്രാസനത്തിൽ ഔദ്യോഗികമായി ചുമതലയേറ്റെടുത്തു. വൈകിട്ട് 4.00-ന് മാക്കാംകുന്ന് മുതൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെയും അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരു

മേനിയുടെയും നേതൃത്വത്തിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ വികാരി ജനറൽമാരായ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ, റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത്, ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീരിയർ വെരി റവ. ഫാ. മാത്യു തിരുവാലിൽ ഒ.ഐ.സി., വൈദിക ജില്ലകളിലെ ജില്ലാവികാരിമാർ, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ വൈദികർ, സന്ന്യസ്തർ, വിവിധ വൈദികജില്ലകളിൽ നിന്നും ഇടവകകളിൽ നിന്നുമുള്ള ദൈവജനം, എന്നിവർ ചേർന്ന് അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയെ കാൽനടയാത്രയായി പത്തനംതിട്ട ഭദ്രാസന കത്തീഡ്രൽ ദൈവാലയത്തിലേക്ക് സ്വീകരിച്ചു. കത്തീഡ്രൽ ഗേറ്റിങ്കൽ പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയെയും അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയെയും സ്വീകരിച്ചു. തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ കത്തീഡ്രൽ ദൈവാലയത്തിൽ പ്രാർത്ഥന നടന്നു.

തുടർന്ന് സ്വീകരണ പൊതുസമ്മേളനം നടന്നു. പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി സ്വാഗതം ആശംസിച്ചു. തിരുവല്ലാ ആർച്ചുബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി, മാവേലിക്കര ഭദ്രാസനാധിപനും ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ ഉപാദ്ധ്യക്ഷനുമായ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി, ബത്തേരി ഭദ്രാസനാധിപൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി, അമേരിക്കൻ ഭദ്രാസനാധിപൻ അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനി, കൂരിയാ മെത്രാനും മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്തയുമായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി എന്നിവർ സംബന്ധിച്ചു. ശ്രീ. ആന്റോ ആന്റണി എം.പി., ശ്രീമതി വീണ ജോർജ്ജ് എം.എൽ.എ., വിവിധ ജനപ്രതിനിധികൾ, വൈദികർ, സന്ന്യസ്തർ, വിശ്വാസികൾ എന്നിവർ പരിപാടിയിൽ സംബന്ധിച്ചു.

# മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം കൂദാശ ചെയ്തു

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വേറ്റിനാട് കേന്ദ്രമായി പുതുതായി ആരംഭിച്ച മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം 2018 ഏപ്രിൽ 8-ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്തു.  മേജർ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി സഹകാർമ്മിക നായിരുന്നു.  മേജർ അതിഭദ്രാസന വികാരി ജനറൾമാരായ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ, റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത്, കോറെപ്പിസ്കോപ്പാമാർ, വൈദികർ, സന്ന്യസ്തർ, വിശ്വാസികൾ എന്നിവർ സംബന്ധിച്ചു. കൂദാശയോടനുബന്ധിച്ച് നടന്ന ധ്യാനം റവ. ഫാ. ഷാജി തുമ്പേച്ചിറയിൽ നയിച്ചു.

ദൈവപദ്ധതിയനുസരിച്ച് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ 10 വർഷം കൊണ്ട് രൂപപ്പെട്ടുവന്ന കാർമ്മൽ കാത്തലിക് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിലാണ് ധ്യാനകേന്ദ്രം പ്രവർത്തിക്കുന്നത്.  2007 ഏപ്രിൽ മാസം മുതൽ എല്ലാ ആദ്യ ശനിയാഴ്ചകളിലും തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ബഹു. ഡാനിയേൽ പൂവണ്ണത്തിലച്ചന്റെ നേതൃത്വത്തിൽ ഒരു സായാഹ്ന ധ്യാനം ആരംഭിച്ചു. ഈ ശുശ്രൂഷയ്ക്ക് പിൻബലം നല്കാൻ ചൊവ്വാഴ്ചകളിൽ ഒന്നര മണിക്കൂർ നീണ്ടു നില്ക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനയും ആരംഭിച്ചു. ദൈവം ഈ ശുശ്രൂഷകളെ വളർത്തി. 2011 സെപ്റ്റംബർ 21 മുതൽ 23 വരെ നടന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ളിയിൽ സഭയ്ക്ക് ഒരു ധ്യാനകേന്ദ്രം ആവശ്യമാണെന്ന നിർദ്ദേശം ഉയർന്നുവന്നത് ദൈവിക പദ്ധതിയുടെ സ്ഥിരീകരണമായി. പട്ടം കബർ ചാപ്പലിൽ ആരംഭിച്ച മാസത്തിലെ രണ്ടാം വെള്ളിയാഴ്ചയിലെ നൈറ്റ് വിജിൽ ഈ പദ്ധതി നിർവഹണത്തിൽ നാഴികക്കല്ലായി.

ധ്യാനകേന്ദ്രം ലക്ഷ്യമാക്കിയുള്ള പ്രാർത്ഥനയും പരിശ്രമവും തീവ്രമാക്കി. തലസ്ഥാന നഗരിയിൽ ഒരു ധ്യാനകേന്ദ്രം എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലയിലെ 30 ലക്ഷം ജനങ്ങളെയും കേന്ദ്രീകരിച്ചുള്ള പ്രത്യേക പ്രാർത്ഥന ആരംഭിച്ചു. ജാഗരണ പ്രാർത്ഥനകൾ പതിവായി നടന്നു വരുന്നു.

യുവജനങ്ങളുടെ ഇടയിലെ ക്യാമ്പസ് മിനിസ്ട്രി, മദ്യപാനികൾക്കുവേണ്ടിയുള്ള ഡി-അഡിക്ഷൻ മിനിസ്ട്രി, ശുശ്രൂഷകർക്കുവേണ്ടിയുള്ള പരിശീലനങ്ങൾ, വചനപ്രഘോഷണങ്ങൾ, മദ്ധ്യസ്ഥ പ്രാർത്ഥന ഇവയെ ഏകോപിപ്പിച്ചുകൊണ്ട് കാർമ്മൽ കാത്തലിക് മിനിസ്ട്രീസ് എന്ന പേരിൽ ഒരു കൂട്ടായ്മ ദൈവം രൂപപ്പെടുത്തി. മാർ ബസേലിയോസ് എൻജിനീയറിംഗ് കോളേജ് ചാപ്പലിൽ തിരുവനന്തപുരത്ത് ഒരു ധ്യാനകേന്ദ്രം എന്ന ലക്ഷ്യത്തിനുവേണ്ടി 500 ദിവസത്തോളം മുടങ്ങാതെ സായാഹ്നങ്ങളിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുകയുണ്ടായി.

വേറ്റിനാട് സെന്റ് ജൂഡ് എസ്റ്റേറ്റിലെ വേർതിരിച്ച ഒരു സ്ഥലം ധ്യാനകേന്ദ്രത്തിനായി ദൈവം തിരഞ്ഞെടുത്തിരിക്കുന്നു എന്ന് ബോധ്യപ്പെട്ടതോടെ ആ സ്ഥലത്ത് 2016-ൽ പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനകൾ ആരംഭിച്ചു. 2017 ഏപ്രിൽ 1-ന് ധ്യാന കേന്ദ്രത്തിന്റെ ശിലാസ്ഥാപനം നടന്നു. മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ എന്ന് പേരും നല്കി. ആദ്യഘട്ടത്തിൽ എല്ലാ ശനിയാഴ്ചകളിലും ഏകദിന ധ്യാനവും, മാസത്തിൽ ഒരു ദിവസം അഖണ്ഡ ജപമാലയും ജപമാല പ്രദക്ഷിണവും ഉണ്ടായിരിക്കും. ഈ ഘട്ടത്തിൽത്തന്നെ മാതാപിതാക്കൾ, യുവജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ, പ്രൊഫഷണൽസ് എന്നീ വിവിധ വിഭാഗങ്ങൾക്കായി ധ്യാന പരിപാടികളും പരിശീലന പദ്ധതികളും ആരംഭിക്കും. ഇവിടെ നടക്കുന്ന വിവിധ ശുശ്രൂഷകളെ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാവരേയും യഥാസമയം അറിയിക്കുന്നതാണ്. ബൈബിൾ ഗ്രാമം, ജപമാല ഗ്രാമം, വി. കുരിശിന്റെ വഴിയിലെ 14 സ്ഥലങ്ങൾ, വിശുദ്ധരുടെ കൂടാരങ്ങൾ ഇങ്ങനെ അനേക കാര്യങ്ങൾ ഘട്ടം ഘട്ടമായി ക്രമീകരിക്കേണ്ടതായിട്ടുണ്ട്.

കാർമ്മൽ കാത്തലിക് മിനിസ്ട്രീസിന്റെയും ധ്യാന കേന്ദ്ര ത്തിന്റെയും ഡയറക്ടർ റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിലും ധ്യാനകേന്ദ്രത്തിന്റെ അഡ്മിനിസ്ട്രേറ്റർ റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിലും ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## മരിയൻ എക്സിബിഷനും കൺവെൻഷനും

മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പട്ടം സെന്റ് മേരീസ് കോമ്പൗണ്ടിൽ 2018 ഏപ്രിൽ 13, 14, 15 തീയതിക ളിൽ 'വാഗ്ദാനപേടകം' എന്ന പേരിൽ മരിയൻ കൺവെൻഷനും എക്സിബിഷനും നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി മരിയൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ഏപ്രിൽ 13-ന് മരിയൻ ധ്യാനം റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ നയിച്ചു. ഏപ്രിൽ 14-ന് അഭിവന്ദ്യ ആർച്ചുബിഷപ്പ് ഡോ. സൂസൈപാക്യം തിരുമേനി മരിയൻ സന്ദേശം നൽകുകയും റവ. ഫാ. ഷാജി തുമ്പേ ച്ചിറയിൽ മരിയൻ ധ്യാനത്തിന് നേതൃത്വം നൽകുകയും ചെയ്തു. ഏപ്രിൽ 15-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ ജപമാല പ്രദക്ഷിണം നടന്നു. തുടർന്ന് നടന്ന ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് മലങ്കര യാക്കോബായ സുറിയാനി സഭയിലെ അഭിവന്ദ്യ ഐസക് മാർ ഒസ്ത്താത്തിയോസ് മെത്രാപ്പോലീത്താ തിരുമേനി കാർമ്മികത്വം വഹിച്ചു. തുടർന്ന് അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരു മേനി മരിയൻ സന്ദേശം നൽകി. അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി സമാപനസന്ദേശവും ആശിർവാദവും നൽകി.

## മലങ്കര മെഡിക്കൽ വില്ലേജിൽ സാന്ത്വന ചികിത്സാ ബ്ലോക്ക് കൂദാശ ചെയ്തു

പിരപ്പൻകോട് സെന്റ് ജോൺസ് മലങ്കര മെഡിക്കൽ വില്ലേ ജിൽ രോഗാതുരരായ കിടപ്പുരോഗികൾക്കും വാർദ്ധക്യ സഹജമായ പരിചരണം ആവശ്യമുള്ള രോഗികൾക്കും വേണ്ടി 15 കിടക്കക

ളോടു കൂടിയ സാന്ത്വന ചികിത്സാവിഭാഗം പ്രവർത്തനം ആരംഭിച്ചു. 2018 ഏപ്രിൽ 30 വൈകിട്ട് 4.00-ന് അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി പുതിയ ബ്ലോക്കിന്റെ കൂദാശാകർമ്മവും സാന്ത്വന ചികിത്സാ വിഭാഗത്തിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു. മെഡിക്കൽ വില്ലേജ് ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേടത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മേജർ അതിഭദ്രാസന വികാരി ജനറൽമാരായ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ, റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റു പുറത്ത്, സെന്റ് അലോഷ്യസ് മൈനർ സെമിനാരി റെക്ടർ വെരി റവ. ഡോ. ജോൺ കുറ്റിയിൽ, റവ. ഫാ. അലക്സാണ്ടർ വലിയ വീട്ടിൽ, ശ്രീ. ഒ. സാമുവൽ എന്നിവർ പ്രസംഗിച്ചു. സാന്ത്വന ചികി ത്സയിൽ പ്രത്യേക പരിശീലനം ലഭിച്ച മെഡിക്കൽ ടീം ചികിത്സാ പരിചരണങ്ങൾക്ക് ഈ വിഭാഗത്തിൽ നേതൃത്വം നൽകുന്നു.

## പാരിഷ് ഹാൾ കൂദാശ - ഉറുകുന്ന്

പുനലൂർ വൈദികജില്ലയിലെ ഉറുകുന്ന് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയ്ക്കുവേണ്ടി പുതുതായി നിർമ്മിച്ച പാരിഷ് ഹാളിന്റെ കൂദാശാകർമ്മം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരു മേനി 2018 ഏപ്രിൽ 2 രാവിലെ 10.30-ന് നിർവ്വഹിച്ചു. ക്രമീകരണ ങ്ങൾക്ക് ഇടവക വികാരി റവ. ഫാ. ഡാനിയേൽ കല്ലുവിള നേതൃത്വം നൽകി.

## പൗരോഹിത്യ രജതജൂബിലി ആഘോഷിച്ചു

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വിശ്വാസ പരിശീലന കാര്യാലയ ഡയറക്ടറായ റവ. ഫാ. ഡാനിയേൽ കുള ങ്ങരയുടെ പൗരോഹിത്യ രജതജൂബിലി ആഘോഷം 2018 ഏപ്രിൽ 7-ന് അരുവിയോട് സെന്റ് റീത്താസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവായത്തിൽ നടന്നു. വൈകുന്നേരം 4.00-ന് ബഹു. ഡാനിയേൽ കുളങ്ങര അച്ചൻ വി. കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന സമ്മേളനം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്ത് ബഹു. അച്ചന് ജൂബിലി ആശംസകൾ നേർന്നു.

## ആര്യങ്കാവ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം തീർത്ഥാടന ദൈവാലയമായി പ്രഖ്യാപിക്കപ്പെട്ടു

ആര്യങ്കാവ് സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തെ വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ തീർത്ഥാടന ദൈവാലയമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി 2018 ഏപ്രിൽ 22-ന് പ്രഖ്യാപിച്ചു. അന്നേദിവസം ദൈവാലയത്തിൽ നടന്ന വിശുദ്ധ കുർബാനമദ്ധ്യേയാണ് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രഖ്യാപനം നടത്തിയത്. തുടർന്ന് നടന്ന സമ്മേളനം കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്തു. നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ആര്യങ്കാവ് പഞ്ചായത്തിലെ ഒരു നിർധന കുടുംബത്തിന് ഭവനസഹായപദ്ധതിയ്ക്ക് 1 ലക്ഷം രൂപയുടെ സഹായം പഞ്ചായത്ത് പ്രസിഡന്റിന് നൽകുന്നതായും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അറിയിച്ചു. ക്രമീകരണങ്ങൾക്ക് ഇടവക വികാരി റവ. ഫാ. ജോബിൻ ജേക്കബ് കറുകയിൽ നേതൃത്വം നൽകി.

## ദൈവാലയ ശിലാസ്ഥാപനം - ഏഴംകുളം

അഞ്ചൽ വൈദികജില്ലയിലെ ഏഴംകുളം മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയ്ക്കുവേണ്ടി പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം 2018 ഏപ്രിൽ 12 രാവിലെ 7.30-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ക്രമീകരണങ്ങൾക്ക് ഇടവക വികാരി റവ. ഫാ. ഫിലിപ്പ് കല്ലുവെട്ടാൻകുഴി നേതൃത്വം നൽകി.

# മേജർ അതിഭദ്രാസനാ ഫിനാൻസ് ഓഫീസിൽ നിന്നുള്ള അറിയിപ്പ്

## വാർഷിക തെരട്ട്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ഇടവകകളിൽ നിന്നുള്ള 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിക്കുന്നതിനും തെരട്ട് സ്വീകരിക്കുന്നതിനുമുള്ള ക്രമീകരണം താഴെ കൊടുത്തിരിക്കുന്ന സ്ഥലങ്ങളിലും തീയതികളിലുമായി നടത്തിയിരിക്കുന്നു. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2.00 വരെ വാർഷിക തെരട്ട് സ്വീകരിക്കുന്നതാണ്. എല്ലാ ഇടവകകളും കണക്ക് External Auditor-നെ കൊണ്ട് ഓഡിറ്റ് ചെയ്ത് ഇടവക പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കി അരമന തെരട്ട് ഫോമിലും കൂടി എഴുതി വേണം കണക്ക് കൊണ്ടുവരുവാൻ. ഈ സൗകര്യം എല്ലാ ഇടവകകളും നിർബന്ധമായും പ്രയോജനപ്പെടുത്തേണ്ടതാണ്.

| വൈദികജില്ല | തീയതി | സ്ഥലം |
|---|---|---|
| തിരുവനന്തപുരം | മെയ് 7 | അരമന |
| അടൂർ, കൊട്ടാരക്കര | മെയ് 8 | കിഴക്കേത്തെരുവ് |
| കിളിമാനൂർ | മെയ് 9 | അരമന |
| പുനലൂർ | മെയ് 10 | പുനലൂർ |
| കഴക്കൂട്ടം | മെയ് 11 | അരമന |
| ആയൂർ | മെയ് 14 | ആയൂർ |
| നെടുമങ്ങാട് | മെയ് 15 | അരമന |
| അഞ്ചൽ | മെയ് 16 | അഞ്ചൽ |

1. ഇടവകയിലെ 2017-18 സാമ്പത്തിക വർഷത്തെ ട്രസ്റ്റിയും സെക്രട്ടറിയുമാണ് വാർഷിക കണക്ക് കൊണ്ടുവരേണ്ടത്.
2. വസ്തുവിന്റെ കരം അടച്ച രസീത് വാർഷിക കണക്കിനോടൊപ്പം കൊണ്ടുവരേണ്ടതാണ്.
3. കഴിഞ്ഞ സാമ്പത്തിക വർഷം നൽകിയ തെരട്ടിന്റെ തുടർച്ചയായിട്ടായിരിക്കണം ഈ വർഷത്തെ കണക്ക് എഴുതേണ്ടത്. അതായത് കഴിഞ്ഞ വർഷത്തെ ക്ലോസിംഗ് ബാലൻസ് ഈ

വർഷത്തെ ഓപ്പണിംഗ് ബാലൻസായി ചേർത്ത് ഈ വർഷത്തെ കണക്കെഴുതേണ്ടതാണ്.

5. ഇടവകയിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ, അഥവാ തുക ശേഖരിച്ചിട്ടുണ്ടെങ്കിൽ ഈ വർഷത്തെ വാർഷിക കണക്കിൽ അവ ചേർക്കേണ്ടതാണ്.

6. ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന തുക, സ്ഥിര നിക്ഷേപം, ലോൺ ഇവ കണക്കിൽ ചേർക്കേണ്ടതാണ്.

7. കഴിഞ്ഞ സാമ്പത്തിക വർഷത്തെ തെരട്ടിൽ ബാലൻസ് തുക അടയ്ക്കാനുണ്ടെങ്കിൽ ഈ വർഷം കണക്കിനോടൊപ്പം അരമനയിൽ അടയ്ക്കേണ്ടതാണ്.

8. കണക്ക് ഓഡിറ്റ് ചെയ്ത് അരമനയിൽ തെരട്ട് നൽകിയതിനു ശേഷം മാത്രമേ ഇടവകയിലെ പുതിയ സാമ്പത്തിക വർഷത്തിലേക്ക് തിരഞ്ഞെടുത്തിരിക്കുന്ന കമ്മിറ്റി അംഗങ്ങളുടെ ലിസ്റ്റ് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അംഗീകരിച്ച് നൽകുകയുള്ളൂ. അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ അംഗീകാരമില്ലാതെ പുതിയ കമ്മിറ്റി അംഗങ്ങളെ സത്യപ്രതിജ്ഞ ചെയ്യിക്കാൻ പാടില്ലാത്തതാണ്.

9. ജില്ലയ്ക്ക് നൽകിയിരിക്കുന്ന ദിവസം തന്നെ എല്ലാ ഇടവകകളും കണക്ക് നൽകി തെരട്ട് അടയ്ക്കണമെന്ന് താൽപര്യപ്പെടുന്നു.

10. മേജർ അതിഭദ്രാസനത്തിന്റെ പുതിയ പാൻ കാർഡ് നമ്പർ (AAETA 7933Q) നമ്മുടെ എല്ലാ ഇടവകകളുടെയും അക്കൗണ്ടിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മറ്റ് പാൻ കാർഡ് നമ്പറുകൾ അറ്റാച്ച് ചെയ്തിട്ടുണ്ടെങ്കിൽ അത് നിർബന്ധമായും മാറ്റേണ്ടതാണ്.

11. 2017-18 സാമ്പത്തികവർഷത്തിൽ ഉണ്ടായിരുന്ന എല്ലാ ഫിക്സഡ് ഡെപ്പോസിറ്റിന്റെയും സ്റ്റേറ്റ്മെന്റും 16A ഫോമും തെരട്ട് അടയ്ക്കാൻ വരുന്ന ദിവസം ബാങ്കിൽനിന്ന് വാങ്ങിക്കൊണ്ട് വരേണ്ടതാണ്.

12. ഇടവകയിൽ നിന്നുള്ള **കരോൾ** പിരിവിന്റെ 15% വിഹിതം ഈ വർഷം മുതൽ (2018) അരമനയിൽ **അടക്കേണ്ടതില്ല.**

- ഫാ. തോമസ് കയ്യാലയ്ക്കൽ
ഫിനാൻസ് ഓഫീസർ

## MBOC (Credo 2018) ഉദ്ഘാടനം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ മലങ്കര ബൈബിൾ ഓറിയന്റേഷൻ ക്യാമ്പിന്റെ ഉദ്ഘാടനം തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായ മെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയസ് തിരുമേനി തിരുവനന്തപുരം വൈദികജില്ലയിലെ പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ 2018 ഏപ്രിൽ 2-ാം തീയതി നിർവ്വഹിച്ചു. പ്രസ്തുത ഉദ്ഘാടന യോഗത്തിൽ മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. ഡാനിയേൽ കുളങ്ങര സന്നിഹിതനായിരുന്നു. ക്രമീകരണങ്ങൾക്ക് ജില്ലാ വികാരിയും ഇടവക വികാരിയുമായ വെരി റവ. ഡോ. ജോൺ പടിപ്പുര, വൈദി കജില്ലാ സൺഡേസ്കൂൾ ഡയറക്ടറർ റവ. ഫാ. ജോർജ്ജ് മേച്ചേ രിമുകളിൽ എന്നിവർ നേതൃത്വം നൽകി. വിവിധ ഇടവകകളിൽ വച്ച് നടത്തിയ MBOC ക്യാമ്പ് ജില്ലാ ഡയറക്ടേഴ്സിന്റെ നേതൃ ത്വത്തിൽ സന്ദർശിച്ച് വിലയിരുത്തൽ നടത്തി.

## സ്കോളർഷിപ്പ്, വാർഷികപ്പരീക്ഷ

2018 ഏപ്രിൽ 29-ന് നടത്തുവാൻ തീരുമാനിച്ചിരുന്ന 2017- 2018 അദ്ധ്യയനവർഷത്തിലെ സ്കോളർഷിപ്പ്, വാർഷികപ്പരീക്ഷ പ്രത്യേക കാരണങ്ങളാൽ **2018 മെയ് 13-ാം തീയതിയിലേയ്ക്ക്** മാറ്റിയിരിക്കുന്നു.

## അഭിനന്ദനങ്ങൾ

പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ച മേജർ അതി ഭദ്രാസന വിശ്വാസ പരിശീലനത്തിന്റെ ഡയറക്ടർ റവ. ഫാ. ഡാനി യേൽ കുളങ്ങരയ്ക്ക് ജൂബിലിയുടെ ഹൃദയം നിറഞ്ഞ പ്രാർത്ഥ നയും ആശംസകളും!!!!.

വിശ്വാസ പരിശീലന കാര്യാലയത്തിന്റെ കോർഡിനേറ്റർ ആയി പുതുതായി ചുമതലയേറ്റിരിക്കുന്ന റവ. സി. അജ്ഞന ഡി. എം. ന് സ്നേഹപൂർവ്വമായ അനുമോദനവും സ്വാഗതവും.

## നന്ദി

കഴിഞ്ഞ 3 വർഷം മേജർ അതിഭദ്രാസന കാര്യാലയത്തിന്റെ കോർഡിനേറ്റർ ആയി ശുശ്രൂഷ നിർവ്വഹിച്ച് പ്രൊവിൻഷ്യൽ കൗൺസിലറായി നിയമിതയായിരിക്കുന്ന സിസിറ്റർ സവിധ തെരേസ് ഡി.എം. ന് ഹൃദയം നിറഞ്ഞ നന്ദിയും പുതിയ നിയമ നത്തിൽ ആശംസകളും നേരുന്നു.

# എം.സി.എ. ദിനാഘോഷവും കർമ്മപഥപ്രകാശനവും

എം.സി.എ. യുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ തൊഴിലാളി മദ്ധ്യസ്ഥൻ വി. യൗസേപ്പ് പിതാവിന്റെ തിരുനാളായ മെയ് ഒന്ന് എം.സി.എ. ദിനമായി ആചരിക്കുകയാണ്. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ഈ വർഷത്തെ എം.സി.എ. കർമ്മദിനാഘോഷവും, കർമ്മപഥ പ്രകാശനവും 2018 മെയ് 6-ന് അടൂർ വൈദിക ജില്ലയിലെ തൊടുവക്കാട് ഇടവകയിൽ വച്ച് നടത്തുകയാണ്. 06.05.2018-ന് രാവിലെ 9.30-ന് എം.സി.എ. മേജർ അതിഭദ്രാസന ഡയറക്ടർ വെരി റവ. ഗീവർഗ്ഗീസ് നെടിയത്ത് അച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കുന്ന വി. കുർബാനയോടുകൂടി പ്രസ്തുത പരിപാടികൾ ആരംഭിക്കുന്നു.

വി. കുർബാനയ്ക്കുശേഷം 11 മണിക്ക് എം.സി.എ. ദിനാഘോഷ സമ്മേളനം ആരംഭിക്കുന്നു. പ്രസ്തുത സമ്മേളനത്തിൽ പത്തനംതിട്ട ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്താ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി മുഖ്യ അതിഥിയായിരിക്കുന്നതും കർമ്മപഥം 2018-ന്റെ പ്രകാശനകർമ്മം നിർവ്വഹിക്കുന്നതുമാണ്.

# സംയുക്ത മാനേജിംഗ് കമ്മിറ്റി

എം.സി.എ. ദിനാഘോഷത്തിനും കർമ്മപഥപ്രകാശനത്തിനും ശേഷം നടക്കുന്ന സംയുക്ത മാനേജിംഗ് കമ്മിറ്റിയിൽ എല്ലാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ജില്ലാ ഭാരവാഹികളും (പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ), അടൂർ വൈദിക ജില്ല 15 അംഗ മാനേജിംഗ് അംഗങ്ങളും പങ്കെടുക്കേണ്ടതും അവരുടെ ഇക്കൊല്ലത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശകലനം അവിടെ അവതരിപ്പിക്കേണ്ടതുമാണ്. മറ്റു ജില്ലകൾക്ക് നല്കിയിട്ടുള്ള സന്ദർശന ദിനങ്ങൾ ഓർമ്മിപ്പിച്ചു, പരിപാടികൾ ക്രമീകരിക്കേണ്ടതാണ്.

## സ്റ്റാഫ് മീറ്റിംഗ്

എം.എസ്സ്.എസ്സ്.എസ്സ് സ്റ്റാഫ് മീറ്റിംഗ് ഏപ്രിൽ 5-ാം തീയതി സ്രോതസ്സിൽ വച്ചു നടന്നു. ഫാ.തോമസ് മുകളുംപുറത്ത് നേതൃത്വം നൽകി.

## യാത്ര അയപ്പ് യോഗം

എം.എസ്സ്.എസ്സ്.എസ്സ്.-ൽ ദീർഘകാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ശ്രീ. കെ.എം. ബേബി, ശ്രീ മാത്യു വർഗ്ഗീസ് എന്നിവർക്ക് സമുചിതമായ യാത്രാ അയപ്പ് യോഗം ഏപ്രിൽ 5-ാം തീയതി സ്രോതസ്സിൽ വച്ചു നടന്നു. ഫാ. തോമസ് കയ്യാലക്കൽ, ഫാ. തോമസ് മുകളുംപുറത്ത്, ശ്രീ. ജോർജ് ഡാനിയേൽ, ജിൻസി എസ്.എസ്, നിഷാ മാത്യു, ശ്രീ. രാജുമോൻ, എന്നിവർ പ്രസംഗിച്ചു. എം.എസ്സ്.എസ്സ്.എസ്സ്.-ന്റെ ഉപഹാരം ഫാ. തോമസ് കയ്യാലയ്ക്കൽ കൈമാറി. സ്റ്റാഫുകൾക്ക് വേണ്ടിയുള്ള സമ്മാനം ബിന്ദു ബേബി സമ്മാനിച്ചു.

## DDUGKY അവലോകന യോഗം

DDUGKY പദ്ധതിയുടെ അവലോകന യോഗം ഏപ്രിൽ 10-ാം തീയതി സ്രോതസ്സിൽ വച്ചു നടന്നു. രാജൻ എം. കാരക്കാട്ടിൽ നേതൃത്വം നൽകി.

## SAFP അവലോകന യോഗം

SAFP പദ്ധതിയുടെ അവലോകന യോഗം ഏപ്രിൽ 11-ാം തീയതി സ്രോതസ്സിൽ വച്ചു നടന്നു. സിസ്റ്റർ സൂക്തി തോമസ് നേതൃത്വം നൽകി.

## യാത്രാ അയപ്പ് യോഗം

എം.എസ്സ്.എസ്സ്.എസ്സ് ൽ സ്തുത്യർഹമായ സേവനം അനുഷ്ടിച്ച മെറിൽ ജോസഫിന് യാത്രാ അയപ്പ് യോഗം ഏപ്രിൽ 18-ാം തീയതി എം.എസ്സ്.എസ്സ്.എസ്സ്.-ൽ സംഘടിപ്പിച്ചു. ഫാ. തോമസ് മുകളുംപുറത്ത്, രാജൻ എം. കാരക്കാട്ടിൽ എന്നിവർ ആശംസകൾ അറിയിച്ചു. എം.എസ്സ്.എസ്സ്.എസ്സ്. ന്റെ ഉപഹാരം സ്റ്റാഫ് സെക്രട്ടറി ബൈജു ആർ. സമ്മാനിച്ചു.

## DDUGKY കൊല്ലം ജില്ല അവലോകന യോഗം

DDUGKY പദ്ധതിയുടെ അവലോകനയോഗം ഏപ്രിൽ 20-ാം തീയതി കൊല്ലം ജില്ല കളക്ട്രേറ്റിൽ വച്ചു നടന്നു. ജോർജ് ഡാനിയേൽ, മിഥുൻ തോമസ് എന്നിവർ പങ്കെടുത്തു.

## സെൻസ് പദ്ധതി അവലോകന യോഗം

സെൻസ് പദ്ധതിയുടെ അവലോകന യോഗം ഏപ്രിൽ 20, 21 തീയതികളിൽ സ്രോതസ്സിൽ വച്ചു നടന്നു. ശ്രീ അഭിലാഷ് വി.ജി. നേതൃത്വം നൽകി.

## DDUGKY രക്ഷാകർത്തൃ യോഗം

തിരുവനന്തപുരം ജില്ലയിലെ കോർപ്പറേഷൻ, വിവിധ മുൻസിപ്പൽ അതിർത്തികളിൽ താമസിക്കുന്ന യുവജനങ്ങൾക്കായി മൂന്നു മാസത്തെ സൗജന്യ കമ്പ്യൂട്ടർ ടാലി പരിശീലന ക്ലാസുകൾ ആരംഭിക്കുന്നു. കേന്ദ്ര നഗര വികസന വകുപ്പും കുടുംബശ്രീയും ചേർന്നു നടത്തുന്ന പരിപാടിയുടെ പരിശീലന കേന്ദ്രമായ എം. എസ്സ്.എസ്സ്.എസ്സ്-ൽ മെയ് 4-ാം തീയതി മുതൽ ക്ലാസുകൾ ആരംഭിക്കുന്നതാണ്.

## NULM പദ്ധതി

തിരുവനന്തപുരം ജില്ലയിലെ കോർപ്പറേഷൻ, വിവിധ മുൻസിപൽ അതിർത്തികളിൽ താമസിക്കുന്ന യുവജനങ്ങൾക്കായി മൂന്നുമാസത്തെ സൗജന്യ കമ്പ്യൂട്ടർ ടാലി പരിശീലന ക്ലാസുകൾ ആരംഭിക്കുന്നു. കേന്ദ്ര നഗര വികസന വകുപ്പും കുടുംബശ്രീയും ചേർന്നു നടത്തുന്ന പരിപാടിയുടെ പരിശീലന കേന്ദ്രമായ എം. എസ്സ്.എസ്സ്.എസ്സ്-ൽ മെയ് 4-ാം തീയതി മുതൽ ക്ലാസുകൾ ആരംഭിക്കുന്നതാണ്.

## വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 21 കുടുംബങ്ങൾക്ക് 2,23,061 രൂപയും

ഇൻഷുറൻസ് വഴിയുള്ള മരണാനന്തര സഹായമായി 3 കുടുംബങ്ങൾക്ക് 49,200 രൂപയും

വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 11,000 രൂപയും നൽകി.

# മാതൃസംഘം

2018 മെയ് മാസം 1-ാം തീയതി രാവിലെ 10.00-ന് പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃസംഘം മേജർ അതിഭദ്രാസന സമിതിയുടെ തെരഞ്ഞെടുപ്പ് ഡയറക്ടർ റവ. ഫാ. ജോൺസൺ കൊച്ചുതുണ്ടിലിന്റെ നേതൃത്വത്തിൽ നടന്നു. പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ മുൻ ഭാരവാഹികൾക്ക് ശ്രീമതി സുജാ ജോസ് (അഞ്ചൽ) നന്ദി രേഖപ്പെടുത്തി. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| പ്രസിഡന്റ് | - | ശ്രീമതി ജിജി മത്തായി, നാലാഞ്ചിറ (തിരുവനന്തപുരം) |
| സെക്രട്ടറി | - | ശ്രീമതി സൂസൻ വർഗ്ഗീസ്, അടൂർ |
| വൈസ് പ്രസിഡന്റ് | - | ശ്രീമതി സുജാ ജോസ് (അഞ്ചൽ) |
| ജോയിന്റ് സെക്രട്ടറി | - | ശ്രീമതി ഷീജാ സത്യൻ, കുളപ്പട (നെടുമങ്ങാട്) |
| ട്രഷറർ | - | ശ്രീമതി ഗീതാ രാജേന്ദ്രൻ, പനവൂർ (കിളിമാനൂർ) |

എക്സിക്യൂട്ടീവ് മെമ്പേഴ്സ്
ശ്രീമതി ജെസ്സി ജോൺ, നരിക്കൽ (പുനലൂർ)
ശ്രീമതി ഓമനാ ജോയി, പരുത്തിപ്പാറ (ആയൂർ)
ശ്രീമതി മിനിമോൾ, വേങ്കോട് (കഴക്കൂട്ടം)

തുടർന്ന് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ കബർ ചാപ്പലിൽ വച്ച് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ മുമ്പാകെ പുതിയ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു ചുമതലയേറ്റെടുത്തു. തദവസരത്തിൽ അമ്മമാരുടെ കൂട്ടായ്മയുടെ ശക്തിയും, പ്രാർത്ഥനയുടെ ബലവും സഭയ്ക്കു കരുത്തു പകരുന്നതാണെന്നും, ആയതിനാൽ ഒരേ സമയത്തു അമ്മമാർ പ്രാർത്ഥിച്ച് സഭയ്ക്കും, സഭാപിതാക്കന്മാർക്കും, യേശുവിൽ വിശ്വസിക്കുന്ന ഏവർക്കും പ്രോത്സാഹനവും പിന്തുണയും നൽകണമെന്നും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഓർമ്മിപ്പിച്ചു. മേജർ അതിഭദ്രാസന മാതൃസംഘം ഡയറക്ടർ റവ. ഫാ. ജോൺസൺ കൊച്ചുതുണ്ടിൽ, ആനിമേറ്റർ റവ. സിസ്റ്റർ ആദർശ എസ്.ഐ.സി. എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

# ഇടയനാളാഗമം

## ഏപ്രിൽ 2018

## (പ്രധാന പരിപാടികൾ)

**ഏപ്രിൽ 1**

പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ ഈസ്റ്റർ ശുശ്രൂഷയ്ക്കും വി. കുർബാനയ്ക്കും മുഖ്യകാർമ്മികത്വം വഹിച്ച് വചന സന്ദേശം നൽകി.

**ഏപ്രിൽ 2**

രാവിലെ 11.30-ന് പുനലൂർ വൈദികജില്ലയിലെ ഉറുകുന്ന് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയ്ക്കുവേണ്ടി പുതുതായി നിർമ്മിച്ച പാരിഷ് ഹാളിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

വൈകിട്ട് 4.00-ന് അട്ടച്ചാക്കൽ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**ഏപ്രിൽ 3**

രാവിലെ 8.00-ന് മൂവാറ്റുപുഴ കത്തീഡ്രലിൽ നടന്ന വൈദിക പട്ടാഭിഷേക ശുശ്രൂഷയിൽ സംബന്ധിച്ച് വചനസന്ദേശം നൽകി.

ഉച്ചയ്ക്ക് 12.30-ന് കേരള കത്തോലിക്കാ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ചാലക്കുടി ഡിവൈൻ റിട്രീറ്റ് സെന്ററിൽ നടന്ന യുവജനസംഗമം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**ഏപ്രിൽ 4**

രാവിലെ 11.30-ന് ബത്തേരി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലുള്ള ബത്തേരി സെന്റ് അൽഫോൻസാ കോളേജിൽ പുതുതായി നിർമ്മിച്ച ലൈബ്രറി സമുച്ചയം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

വൈകിട്ട് 3.00-ന് ബത്തേരി ശ്രേയസ്സിൽ നടന്ന കർഷക സംഗമം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**ഏപ്രിൽ 5**

രാവിലെ 10.00-ന് ബത്തേരി പഴയ കത്തീഡ്രലിൽ നടന്ന എം.സി.എ. ഭദ്രാസനതല നേതൃത്വസംഗമം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

തുടർന്ന് 11.00-ന് ബത്തേരി സെന്റ് തോമസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അരുൺ റ്റി. ചാക്കോയുടെയും സോനുവിന്റെയും വിവാഹം ആശീർവദിച്ചു.

വൈകിട്ട് 4.00-ന് ബത്തേരി ഭദ്രാസനത്തിലെ കൊയിലേരി ഇടവകയുടെ രജതജൂബിലിയോടനുബന്ധിച്ച് ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

**ഏപ്രിൽ 6**

രാവിലെ 9.00-ന് ബത്തേരി ഭദ്രാസനാംഗവും മലങ്കര മേജർ സെമിനാരി വൈസ് റെക്ടറുമായ വെരി റവ. ഫാ. വർഗീസ് താന്നിക്കാക്കുഴിയുടെ പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച് കണ്ണൂരിലെ നടുവിൽ ഇടവകയിൽ വി. കുർബാന അർപ്പിച്ച് ആശംസകൾ നേർന്നു.

**ഏപ്രിൽ 7**

രാവിലെ 9.00-ന് പട്ടം തിരുസന്നിധി അരമനയിൽ വച്ച് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ സെമിനാരി പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

വൈകിട്ട് 4.00-ന് അരുവിയോട് ഇടവകയിൽ നടന്ന റവ. ഫാ. ഡാനിയേൽ കുളങ്ങരയുടെ പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്ത് ആശംസകൾ നേർന്നു.

**ഏപ്രിൽ 8**

രാവിലെ 8.00-ന് ഇളമണ്ണൂർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകിട്ട് 4.00-ന് മേജർ അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വേറ്റിനാട് കേന്ദ്രമായി പുതുതായി നിർമ്മിച്ച മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം കൂദാശ ചെയ്ത് വചനസന്ദേശം നൽകി.

**ഏപ്രിൽ 9**

വൈകിട്ട് 9.00-ന് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ നടന്ന നവജീവൻ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സിനാക്സിസിൽ ആമുഖസന്ദേശം നൽകി.

**ഏപ്രിൽ 10**

വൈകിട്ട് 3.30-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ച പുതിയ കാനോനിക സംവിധാനങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനം നടത്തി.

വൈകിട്ട് 8.00-ന് പത്തനംതിട്ട ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ട അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയുടെയും മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ട അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിയുടെയും ബഹുമാനാർത്ഥം പട്ടം തിരുസന്നിധി അരമന യിൽ നടന്ന അത്താഴവിരുന്നിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**ഏപ്രിൽ 11**

രാവിലെ 9.00-ന് പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്ന NBCLC യുടെ സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

രാവിലെ 11.00-ന് നാലാഞ്ചിറ മാർ ഈവാനിയോസ് കോളേജ് ചാപ്പലിൽ വച്ച് ജോണിന്റെയും നിത്യയുടെയും വിവാഹം ആശീർവദിച്ചു.

വൈകിട്ട് 5.00-ന് ബഥനി നവജീവൻ പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയർ വെരി റവ. ഫാ. മാത്യു തിരുവാലിൽ ഒ.ഐ.സി. യുമായും പുതുതായി തെരഞ്ഞെടുക്കപ്പെട്ട പ്രൊവിൻഷ്യൽ ടീമുമായും പട്ടം തിരുസന്നിധി അരമനയിൽ വച്ച് കൂടിക്കാഴ്ച നടത്തി.

**ഏപ്രിൽ 12**

രാവിലെ 7.30-ന് അഞ്ചൽ വൈദികജില്ലയിലെ ഏഴംകുളം ഇടവകയ്ക്കുവേണ്ടി പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

ഉച്ചയ്ക്ക് 12.30-ന് മൂവാറ്റുപുഴ ഭദ്രാസന കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്തയായി നിയമിതനായ അഭിവന്ദ്യ യൂഹാനോൻ മാർ തെയ

ഡോഷ്യസ് തിരുമേനിയുടെ ഔദ്യോഗികമായ സ്വീകരണ ചടങ്ങിനോടും അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ നാമഹേതുക തിരുനാളിനോടും അനുബന്ധിച്ചു നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

വൈകിട്ട് 3.00-ന് റൈറ്റ് റവ. മോൺ. പീറ്റർ കോച്ചേരിയുടെ സഹോദരൻ ശ്രീ. കെ.റ്റി. എബ്രഹാമിന്റെ നിര്യാണത്തിൽ മൂവാറ്റുപുഴയിലുള്ള വസതിയിലെത്തി പ്രാർത്ഥന നടത്തി അനുശോചനം അറിയിച്ചു.

വൈകിട്ട് 4.00-ന് പാലാ അൽഫോൺസിയൻ സെന്ററിൽ നടന്ന മഹാത്മാഗാന്ധി സർവ്വകലാശാല പ്രഥമ വൈസ് ചാൻസിലർ ശ്രീ. എ.റ്റി. ദേവസ്യയുടെ നവതി ആഘോഷത്തോടനുബന്ധിച്ച് അദ്ദേഹത്തിന് പുരസ്കാരം നൽകി ആദരിച്ചു.

വൈകിട്ട് 9.00-ന് കടമ്പനാട് താഴേതിൽ ചിറക്കോണത്ത് ശ്രീമതി അന്നമ്മ ജോർജ്ജിന്റെ നിര്യാണത്തിൽ പ്രാർത്ഥന നടത്തി അനുശോചനം അറിയിച്ചു.

തുടർന്ന് മാധ്യമ പ്രവർത്തകനായ ശ്രീ. ജോൺ പി. തോമസിന്റെ വത്സലമാതാവ് ശ്രീമതി സി.എസ്. കുഞ്ഞമ്മയുടെ നിര്യാണത്തിൽ ആയൂർ വാളിയോടുള്ള വസതിയിലെത്തി പ്രാർത്ഥന നടത്തി അനുശോചനം അറിയിച്ചു.

**ഏപ്രിൽ 13**

രാവിലെ 6.30-ന് പട്ടം തിരുസന്നിധി അരമനയിലെ സെന്റ് ബേസിൽ ചാപ്പലിൽ വേറ്റിനാട് മൗണ്ട് കാർമ്മൽ അപ്പോസ്തോലിക സ്കൂളിലെ പ്രഥമ ബാച്ചിലെ അംഗങ്ങളായ വിദ്യാർത്ഥികൾക്കു വേണ്ടി വി. കുർബാന അർപ്പിച്ചു. തുടർന്ന് അവർക്ക് ക്ലാസ്സ് നയിച്ചു.

തുടർന്ന് 9.30-ന് പട്ടം സെന്റ് മേരീസ് സ്കൂളിൽ നടന്ന മരിയൻ എക്സിബിഷൻ ഉദ്ഘാടനം ചെയ്തു.

വൈകിട്ട് 4.00-ന് പട്ടം തിരുസന്നിധി അരമനയിൽ വച്ച് ദളിത് ക്രൈസ്തവർക്കു വേണ്ടിയുള്ള ഭവനനിർമ്മാണ സഹായ പദ്ധതിയുടെ വിതരണം നിർവ്വഹിച്ചു.

വൈകിട്ട് 5.00-ന് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന മരിയൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് ആമുഖസന്ദേശം നൽകി.

**ഏപ്രിൽ 14**

രാവിലെ 9.00-ന് ആനന്ദപ്പള്ളി മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ റവ. സി. റാണി സ്റ്റീഫന്റെ വ്രതവാഗ്ദാന ജൂബിലിയോടനുബന്ധിച്ച് നടന്ന വി. കുർബാനയിൽ സംബന്ധിച്ച് സന്ദേശം നൽകി.

വൈകിട്ട് 3.00-ന് കെ.സി.ബി.സി. യുടെ ആഭിമുഖ്യത്തിൽ വഴുതക്കാട് കാർമ്മൽ സ്കൂളിൽ 'അജപാലനസാക്ഷ്യവും ജാഗ്രതയും' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ സമാപന സന്ദേശം നൽകി.

വൈകിട്ട് 6.00-ന് എം.സി.എ. സഭാതലസമിതിയുടെ ആഭിമുഖ്യത്തിൽ നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യുവൽ സെന്ററിൽ വച്ച് നടന്ന ഇന്റഗ്രേറ്റഡ് ടാലന്റ് ഡെവലപ്മെന്റ് പ്രോഗ്രാം (Light) ഉദ്ഘാടനം ചെയ്തു.

**ഏപ്രിൽ 15**

രാവിലെ 7.30-ന് വേറ്റിനാട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

രാവിലെ 11.00-ന് ബഥനി നവജ്യോതി പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട വെരി റവ. ഫാ. ജോസ് മരിയദാസ് ഒ.ഐ.സി. യുമായും പുതിയ പ്രൊവിൻഷ്യൽ ടീമുമായും പട്ടം തിരുസന്നിധി അരമനയിൽ വച്ച് കൂടിക്കാഴ്ച നടത്തി.

വൈകിട്ട് 5.00-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന മരിയൻ കൺവെൻഷനിൽ സമാപനസന്ദേശം നൽകുകയും മലങ്കര യാക്കോബായ സുറിയാനി സഭയിലെ അഭിവന്ദ്യ ഐസക് മാർ ഒസ്ത്താത്തിയോസ് തിരുമേനി നയിച്ച പരി. ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

**ഏപ്രിൽ 16**

ഉച്ചയ്ക്ക് 3.00-ന് പട്ടം തിരുസന്നിധി അരമനയിൽ നടന്ന മേജർ അതിഭദ്രാസനത്തിലെ പ്രോട്ടോപ്രെസ്ബിറ്റർമാർ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, മേജർ അതിഭദ്രാസന കൗൺസിൽ അംഗങ്ങൾ എന്നിവരുടെ സംയുക്ത മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

**ഏപ്രിൽ 17**

രാവിലെ 10.30-ന് നാലാഞ്ചിറ സ്നേഹവീട്ടിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

ഉച്ചയ്ക്ക് 2.00-ന് നാലാഞ്ചിറ ബഥനി മഠം പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ നിര്യാതയായ റവ. സി. ബ്രിക്കാസിന്റെ ശവസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകിട്ട് 5.30-ന് തിരുവനന്തപുരം വൈ.എം.സി.എ. ഹാളിൽ നടന്ന ക്ലർജി ഫെലോഷിപ്പ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**ഏപ്രിൽ 18**

രാവിലെ 11.00-ന് കൊല്ലത്ത് നടന്ന കേരള അൺ എയ്ഡഡ് സ്കൂൾ മാനേജേഴ്സിന്റെ കൺസോർഷ്യം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

വൈകിട്ട് 5.00-ന് മണ്ണന്തല ഇടവകയ്ക്കുവേണ്ടി നാലാഞ്ചിറയിൽ പുതുതായി നിർമ്മിച്ച സെല്ലാറിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

**ഏപ്രിൽ 19**

ഉച്ചയ്ക്ക് 12.00-ന് തിരുവല്ലാ മലങ്കര മാർത്തോമ്മാ സഭാ ആസ്ഥാനത്ത് എത്തി കാലം ചെയ്ത റാന്നി-നിലയ്ക്കൽ ഭദ്രാസനാദ്ധ്യക്ഷനും മാർത്തോമ്മാ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്തായുമായ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അത്തനാസിയോസ് തിരുമേനിയ്ക്ക് ആദരാജ്ഞലികൾ അർപ്പിച്ച് പ്രാർത്ഥന നടത്തി.

**ഏപ്രിൽ 20**

രാവിലെ 8.00-ന് മൂവാറ്റുപുഴ കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനമദ്ധ്യേ വന്ദ്യ വർഗ്ഗീസ് ഈശ്വരംകുടി അച്ചന് കോറെപ്പിസ്കോപ്പാ സ്ഥാനാഭിഷേകം നൽകി.

തുടർന്ന് മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടക്കുന്ന 88-ാം പുനരൈക്യ വാർഷികത്തിന്റെ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ് 3.00-ന് പീച്ചി മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയ്ക്കുവേണ്ടി പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ മൂറോൻ കൂദാശാകർമ്മം നിർവ്വഹിച്ചു.

**ഏപ്രിൽ 21**

രാവിലെ 10.00-ന് കൊച്ചി പി.ഒ.സി. യുടെ സുവർണ്ണ ജൂബിലി ആഘോഷ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകിട്ട് 6.30-ന് കൊട്ടാരക്കര വൈദികജില്ലയിലെ മൈലംകുര മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**ഏപ്രിൽ 22**

രാവിലെ 6.30-ന് പുനലൂർ വൈദികജില്ലയിലെ ആര്യങ്കാവ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് ഇടവകയുടെ വജ്ര ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും ഇടവക ദൈവാലയത്തെ തീർത്ഥാടന ദൈവാലയമായി പ്രഖ്യാപിക്കുകയും ചെയ്തു.

**ഏപ്രിൽ 23**

ഉച്ചകഴിഞ്ഞ് 3.30-ന് നാഗ്പൂർ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് കാലം ചെയ്ത നാഗ്പൂർ ആർച്ചുബിഷപ്പ് മാർ എബ്രഹാം വിരുതുകുളങ്ങര തിരുമേനിയുടെ കബറടക്ക ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

**ഏപ്രിൽ 24**

ഉച്ചയ്ക്ക് 2.00-ന് നാലാഞ്ചിറ മാർ ബസേലിയോസ് എൻജിനീയറിംഗ് കോളേജിൽ യാത്രയയപ്പ് സമ്മേളനവും ബിരുദദാന ചടങ്ങും ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

വൈകിട്ട് 5.00-ന് കേശവദാസപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ദൈവവിളി ധ്യാനത്തിൽ സംബന്ധിച്ച വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു.

**ഏപ്രിൽ 25**

രാവിലെ 9.30-ന് പത്തനംതിട്ട ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്തയായി സ്ഥലംമാറി പോകുന്ന അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയുടെ യാത്രയയപ്പിനോടനുബന്ധിച്ച് മേജർ അതിഭദ്രാസനത്തിലെ വൈദികരുടെ പ്രാർത്ഥനാസംഗമത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

തുടർന്ന് ബഹു. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്ത ഔദ്യോഗിക യാത്രയയപ്പ് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നൽകി.

**ഏപ്രിൽ 26**

രാവിലെ 10.00-ന് നെടുമങ്ങാട് കളത്തറ വിമല സ്കൂളിൽ നടക്കുന്ന തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ മേജർ സെമിനാരി വൈദികവിദ്യാർത്ഥികളുടെ ക്യാമ്പിൽ ക്ലാസ്സ് നയിച്ചു.

**ഏപ്രിൽ 27**

രാവിലെ 10.00-ന് റവ. ഫാ. ആന്റണി വയലിക്കരോട്ടിന്റെ വത്സലമാതാവ് ശ്രീമതി ലിസി ബേബിയുടെ നിര്യാണത്തിൽ ഏനാത്തുള്ള വസതിയിലെത്തി പ്രാർത്ഥന നടത്തി അനുശോചനം അറിയിച്ചു.

**ഏപ്രിൽ 28**

കർത്ത്യക്കടവ് ദൈവാലയത്തിൽ വച്ച് സെബാസ്റ്റ്യന്റെയും റിയയുടെയും വിവാഹം ആശീർവദിച്ചു.

**ഏപ്രിൽ 29**

രാവിലെ 8.00-ന് പിൻകുളം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകിട്ട് 4.00-ന് പത്തനംതിട്ട ഭദ്രാസന കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്തയായി നിയമിതനായ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയുടെ ഔദ്യോഗികമായ സ്വീകരണ ചടങ്ങിനോട് അനുബന്ധിച്ച് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**ഏപ്രിൽ 30**

രാവിലെ 8.00-ന് നാലാഞ്ചിറ ബഥനി മഠം പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ നടന്ന വ്രതവാഗ്ദാന ശുശ്രൂഷയ്ക്കും വി. കുർബാനയ്ക്കും മുഖ്യകാർമ്മികത്വം വഹിച്ച് വചനസന്ദേശം നൽകി.

വൈകിട്ട് 4.00-ന് പിരപ്പൻകോട് മെഡിക്കൽ വില്ലേജിലെ സെന്റ് ജോൺസ് കമ്മ്യൂണിറ്റി ആശുപത്രിയിൽ പുതുതായി നിർമ്മിച്ച സമുച്ചയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

# കുടുംബ പ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

1. സെമിനാറിൽ പങ്കെടുക്കുന്നവർ 8547493542 എന്ന നമ്പരിൽ മാസാദ്യം തന്നെ ഫോൺ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. താമസം, ഭക്ഷണം എന്നിവ ക്രമീകരിക്കാൻ ഇത് സഹായകമാകും.
2. സെമിനാർ ആരംഭിക്കുന്ന ദിവസം 8.00 മണിയ്ക്ക് താഴെപ്പറയുന്ന കാര്യങ്ങൾ ഹാജരാക്കേണ്ടതാണ്.
3. സെമിനാർ ദിവസങ്ങളിൽ വിവാഹം ഉറപ്പിക്കൽ, ഒത്തുകല്യാണം, തുടങ്ങിയ ചടങ്ങുകൾക്ക് പോകുവാൻ അനുവദിക്കുന്നതല്ല. മുഴുവൻ ക്ലാസ്സിലും പങ്കെടുക്കാത്ത വ്യക്തിയ്ക്ക് സർട്ടിഫിക്കറ്റ് കൊടുക്കുന്നതല്ല.
4. പങ്കെടുക്കുന്ന എല്ലാവരുടെയും മാതാപിതാക്കൾ നിർബന്ധമായും ഞായറാഴ്ച രാവിലെ 9.00 മണിക്ക് കുർബാനയ്ക്കും, തുടർന്നുള്ള രണ്ടു ക്ലാസ്സുകളിലും സംബന്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല. മാതാപിതാക്കൾക്ക് തീർത്തും വരാൻ കഴിയാത്ത സാഹചര്യം ഉണ്ടെങ്കിൽ ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
5. പങ്കെടുക്കുന്നവർ മൂന്നു ദിവസത്തെ താമസത്തിന് ആവശ്യമായ സാധനങ്ങളും; ബൈബിൾ, ജപമാല, ബെഡ്ഷീറ്റ്, പേന, നോട്ട് ബുക്ക്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവയും കൊണ്ടുവരേണ്ടതാണ്.
6. ഞായറാഴ്ച ഉച്ചയ്ക്ക് 12.30-ന് സെമിനാർ സമാപിക്കുന്നതാണ്.
7. എന്തെങ്കിലും പ്രത്യേക മെഡിസിൻ ഉപയോഗിക്കുന്നവർ അത് കൊണ്ടു വരണം.
8. പരസ്പരം വിവാഹിതരാകുന്ന യുവതീയുവാക്കൾ ഒരുമിച്ച് സെമിനാറിൽ പങ്കെടുക്കുന്നത് പ്രയോജനകരമായിരിക്കും.

| | |
|---|---|
| മെയ് | 11, 12, 13 |
| ജൂൺ | 8, 9, 10 |
| ജൂലൈ | 13, 14, 15 |
| ആഗസ്റ്റ് | 10, 11, 12 |
| സെപ്റ്റംബർ | 7, 8, 9 |
| ഒക്ടോബർ | 12, 13, 14 |
| നവംബർ | 9, 10, 11 |
| ഡിസംബർ | 7, 8, 9 |

***കൂടുതൽ വിവരങ്ങൾക്ക്***

റവ. ഫാ. ഡൊമിനിക് സാവിയോ - 8078521209
റവ. സി. ആദർശ എസ്.ഐ.സി - 8547493542

# ആദരാഞ്ജലികൾ

## ശ്രീ. ഒ. തങ്കച്ചൻ

തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായ റവ. ഫാ. വിൽസൺ ആലുവിള കിഴക്കേതിലിന്റെ വത്സലപിതാവ് ശ്രീ. ഒ. തങ്കച്ചൻ 2018 ഏപ്രിൽ 3-ന് നിര്യാതനായി. ശവസംസ്കാരശുശ്രൂഷകൾ 2018 ഏപ്രിൽ 4-ന് മേജർ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ പട്ടാഴി മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടന്നു.

## ശ്രീമതി ലിസി ബാബു

തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായ റവ. ഫാ. ആന്റണി വയലിക്കരോട്ടിന്റെ വത്സലമാതാവ് ശ്രീമതി ലിസി ബാബു 2018 ഏപ്രിൽ 25-ന് നിര്യാതയായി. ശവസംസ്കാര ശുശ്രൂഷകൾ 2018 ഏപ്രിൽ 27-ന് ഏനാത്ത് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടന്നു. അന്നേദിവസം രാവിലെ 10.00 -ന് ഭവനത്തിൽ നടന്ന ശുശ്രൂഷയ്ക്ക് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി മുഖ്യകാർമ്മികത്വം വഹിച്ചു. ദൈവാലയത്തിൽ നടന്ന ശുശ്രൂഷയ്ക്ക് അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ തിരുമേനി മുഖ്യകാർമ്മികത്വം വഹിച്ചു.

# Major Archieparchial Tribunal News

| Prot.No. | Petitioner/Respondent | Decision | Date |
|---|---|---|---|
| MAET-357/17 | Varghese V.S.<br>Lizzy Pappachan | Affirmative | 12/04/2018 |
| MAET-358/17 | Cyril John<br>Theja Bosco | Affirmative | 12/04/2018 |

# ജന്മദിനാശംസകൾ

## മെയ് 2018

05 – റവ. ഫാ. ജോൺ കല്ലുവിളയിൽ
08 – റവ. ഫാ. ഡാനിയേൽ ഇടയിലക്കാട്ട്
08 – റവ. ഫാ. ജോൺ കിഴക്കേക്കര
09 – റവ. ഫാ. മേച്ചേരിമുകളിൽ ജോർജ്ജ്
10 – റവ. ഫാ. ജോൺസൺ പുതുപ്പറമ്പിൽ
11 – റവ. ഫാ. ഡാനിയേൽ പ്ലാവിളയിൽ
12 – റവ. ഫാ. ജോഷ്വാ പാറയിൽ
15 – റവ. ഫാ. വിൽസൺ ചരുവിള
15 – റവ. ഫാ. സാമുവൽ വർഗ്ഗീസ് മേലേടത്ത്
17 – റവ. ഫാ. സാമുവൽ പുത്തൻപുരയിൽ
17 – റവ. ഫാ. വർഗ്ഗീസ് പ്ലാവിളയിൽ
17 – റവ. ഫാ. ജോൺസൺ കാക്കനാട്ട്
18 – വെരി. റവ. ഫാ. ജോൺ വർഗ്ഗീസ് പാലനിൽക്കുന്നതിൽ
19 – റവ. ഫാ. ഫ്രാൻസിസ് മൂലമുറിയിൽ
20 – റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
20 – റൈറ്റ് റവ. മോൺ. ജോർജ്ജ് പനംതുണ്ടിൽ
20 – റവ. ഫാ. തോമസ് കിഴക്കുംകര
20 – റവ. ഫാ. വിൻസെന്റ് ചരുവിള
20 – റവ. ഫാ. തോമസ് മുകളുംപുറത്ത്
20 – റവ. ഫാ. ബോവസ് മാത്യു മേലൂട്ട്
23 – റവ. ഫാ. ജോസഫ് തോട്ടത്തിൽകടയിൽ
27 – റവ. ഫാ. ജോൺസൺ കൊച്ചുതുണ്ടിൽ
27 – റവ. ഫാ. ഇമ്മാനുവൽ ബംഗ്ലാവിൽ
28 – റവ. ഫാ. ജോസഫ് ചാവടിമുരുപ്പേൽ
28 – റവ. ഫാ. ഗീവർഗ്ഗീസ് ചരുവിളയിൽ
30 – റവ. ഫാ. തോമസ് മരോട്ടിമൂട്ടിൽ
30 – റവ. ഫാ. തോമസ് മുകളുവിള
30 – റവ. ഫാ. ജോസഫ് പുളിമൂട്ടിൽ
31 – റവ. ഫാ. തോമസ് കയ്യാലയ്ക്കൽ

# പ്രാർത്ഥനയിൽ ഓർക്കാം

## മെയ് 2018

01 – റവ. ഫാ. കുര്യൻ ഇലഞ്ഞിമറ്റം

03 – റവ. ഫാ. വർഗ്ഗീസ് ഇടത്തിൽ

04 – റവ. ഫാ. ജോൺ കോന്നിയൂർ

13 – റവ. ഫാ. ജോസഫ് പാലത്തും തലയ്ക്കൽ

16 – റവ. ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ

16 – റവ. ഫാ. മാത്യു കാലായിൽ

18 – റവ. ഫാ. ജോസഫ് മാത്യു ചാൽക്കടവിൽ

19 – റവ. ഫാ. സേവ്യർ ഞായപ്പള്ളിൽ

20 – റവ. ഫാ. മാത്യു ഇലഞ്ഞിക്കൽ

21 – റവ. ഫാ. ജോഷ്വാ തെക്കേച്ചരുവിൽ

22 – റൈറ്റ് റവ. മോൺ സി. ടി. കുരുവിള

24 – റവ. ഫാ. ഗീവർഗ്ഗീസ് കിളന്നമണ്ണിൽ

29 – റവ. ഫാ. എബ്രഹാം വാലുപറമ്പിൽ

# സ്മരണീയ ദിനങ്ങൾ

## 2018 മെയ്

| | | |
|---|---|---|
| 1 | ചൊവ്വ | തൊഴിലാളി മദ്ധ്യസ്ഥനായ മാർ യൗസേഫ്<br>ജെറമിയാ നിബിയാ |
| 2 | ബുധൻ | മാർ അത്തനാസിയോസ് |
| 6 | **ഞായർ** | **ഉയിർപ്പിനു ശേഷം അഞ്ചാം ഞായർ**, നീതിമാനായ ജോബ്<br>**മലങ്കര സുറിയാനി കത്തോലിക്കാ അല്മായ ദിനം** |
| 7 | തിങ്കൾ | നമ്മുടെ കർത്താവിന്റെ കുരിശു കണ്ടെത്തൽ |
| 8 | ചൊവ്വ | **മാർ യോഹന്നാൻ ശ്ലീഹാ** |
| 9 | ബുധൻ | ഏശയ്യാ നിബിയാ |
| 10 | വ്യാഴം | **സൂലോക്കൊ** (നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം)<br>**വികാരിക്കുർബാന**<br>**തീക്ഷ്ണവാനായ മാർ ശെമഓൻ ശ്ലീഹാ** |
| 11 | വെള്ളി | സ്ലാവ് ജനതയുടെ വി. സിറിലും മെത്തോഡിയോസും |
| 12 | ശനി | സൈപ്രസിലെ മാർ എപ്പിഫാനിയോസ്<br>നിസിബിസിലെ മെത്രാനും മല്പാനുമായ മാർ യാക്കോബ് |
| 13 | **ഞായർ** | **ഉയിർപ്പിനു ശേഷം ആറാം ഞായർ**<br>അന്ത്യോക്യായിലെ മാർ ഇസഹാക്ക് മല്പാൻ |
| 14 | തിങ്കൾ | **മാർ അദ്ദായി ശ്ലീഹാ** |
| 15 | ചൊവ്വ | **കതിരുകളെപ്രതി വി. ദൈവമാതാവിന്റെ ഓർമ്മ**<br>മാർ പക്കോമിയോസ് |
| 20 | **ഞായർ** | **പെന്തിക്കോസ്തിപ്പെരുന്നാൾ (വികാരിക്കുർബാന)**<br>**നാലു സുവിശേഷകന്മാർ** |
| 21 | തിങ്കൾ | വി. ഹെലേന രാജ്ഞി |
| 22 | ചൊവ്വ | വി. റീത്താ |
| 23 | ബുധൻ | മാർ യാക്കോബ് ശ്ലീഹാ ആദ്യമായി വി. കുർബാന<br>അർപ്പിച്ചതിന്റെ ഓർമ്മ. |
| 25 | വെള്ളി | സ്വർണ്ണവെള്ളിയാഴ്ച, വി. സോഫിയ |
| 26 | ശനി | വി. ഫിലിപ്പ് നേരി |
| 27 | **ഞായർ** | **പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായർ ദൈവവിളി ദിനം** |
| 29 | ചൊവ്വ | വി. തെയഡോഷ്യ |
| 30 | ബുധൻ | കേസറിയായിലെ മാർ യൗസേബിയൂസ്<br>വി. ജോവാൻ ഓഫ് ആർക്<br>**അഭിവന്ദ്യ തോമസ് മാർ യൗസേബിയുസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ** |

# അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

## മെയ് 2018

| | | |
|---|---|---|
| 1 | 06.30 am | പറക്കോട് (അടൂർ) |
| | 03.00 pm | നാലാഞ്ചിറ |
| 2 | നാലാഞ്ചിറ | |
| 5-10 | ജർമ്മനി | |
| 11-21 | അമേരിക്ക | |
| 22- | ജർമ്മനി, സ്വിറ്റ്സർലണ്ട് | |

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

### 2018–ലെ അൽമായ ദിനത്തോടനുബന്ധിച്ച്, അൽമായർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ

# അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ

### പുറപ്പെടുവിക്കുന്ന സർക്കുലർ

ബഹു. വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ അല്മായ ദിനം ഈ വർഷം ആചരിക്കുന്നത് മെയ് 6–ഞായറാഴ്ചയാണ്. അല്മായരുടെ വിളിയും ദൗത്യവും സവിശേഷമായി അനുസ്മരിക്കുന്ന ഈ ദിനത്തിന്റെ പ്രാർത്ഥനാശംസകൾ എല്ലാ അല്മായ സഹോദരങ്ങൾക്കും സമൃദ്ധമായി നേരുന്നു.

മാമോദീസവഴി അല്മായർ ക്രിസ്തുവിനോടുകൂടി ഒരു ശരീരമായിത്തീരുന്നു. ദൈവത്തിന്റെ ജനമായി രൂപംകൊള്ളുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും, പ്രവാചകത്വത്തിലും, രാജത്വത്തിലും സ്വകീയമായ രീതിയിൽ അവർ പങ്കുകാരാകുന്നു. സഭയിലും ലോകത്തിലുമുള്ള ക്രിസ്തീയജനം മുഴുവന്റെയും ദൗത്യത്തിൽ തങ്ങളുടേതായ പങ്ക് അവരും നിർവഹിക്കുന്നു എന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസ് അല്മായ സഹോദരങ്ങളെ നിർവചിക്കുന്നു (തിരുസഭ – 31). അങ്ങനെ, വിളിയിലും ദൗത്യത്തിലും അല്മായർ പുരോഹിതൻമാരിൽ നിന്നും വ്യത്യസ്തരാണെങ്കിലും അവർ ക്രിസ്തുവിന്റെ പൂർണ്ണതയിൽ പങ്കുള്ള തെരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ജനമാണ്. ആരാണ് ക്രൈസ്തവ അല്മായർ എന്ന ചോദ്യത്തിന് സഭയോടും സഭാരഹസ്യത്തോടും അല്മായ വിശ്വാസി

കൾക്കുള്ള സമ്പൂർണ്ണബന്ധം ഊന്നിപ്പറഞ്ഞുകൊണ്ട് തികച്ചും ഒരു ഭാവാത്മക ദർശനം വത്തിക്കാൻ കൗൺസിൽ സ്വീകരിച്ചു. ലോകത്തോട് ബന്ധപ്പെട്ടു ജീവിക്കുന്നുവെന്നതാണ് അല്മായരുടെ പ്രത്യേകത. ഭൗതികകാര്യങ്ങളെ നിയന്ത്രിച്ചും ദൈവഹിതാനുസാരം ക്രമീകരിച്ചും സ്വന്തം ദൈവവിളിയ്ക്ക് അനുസൃതമായി ദൈവരാജ്യം അന്വേഷിച്ചും ലോകത്തിൽ ജീവിക്കുകയെന്നതാണ് അല്മായരുടെ കടമ. ഭൗതികമായ എല്ലാ വ്യവഹാരങ്ങളിലും ജോലികളിലും ഏർപ്പെട്ടുകൊണ്ട് കുടുംബസംബന്ധവും സാമൂഹികവുമായ ജീവിതത്തിൽ അസ്ഥിത്വവും കെട്ടുപിണഞ്ഞുകിടക്കുന്ന ലോകത്തിലെ സാധാരണ സാഹചര്യങ്ങളിലാണ് അവർ ജീവിക്കുന്നത് (തിരുസഭ-31). പന്ത്രണ്ടാം പീയൂസ് മാർപാപ്പ അൽമായരെ കുറിച്ച് പ്രസ്താവിക്കുന്ന വാക്കുകൾ ശ്രദ്ധേയമാണ്: വിശ്വാസികൾ, കൃത്യമായി പറഞ്ഞാൽ അല്മായ വിശ്വാസികൾ, സഭാ ജീവിതത്തിന്റെ മുൻനിരകളിൽ തന്നെ. അവരെ സംബന്ധിച്ചിടത്തോളം സഭ മനുഷ്യസമൂഹത്തിന്റെ ചൈതന്യ ഹേതുവാണ്. അതുകൊണ്ട് തങ്ങൾ സഭയുടെതാണെന്ന് മാത്രമല്ല, തങ്ങൾത്തന്നെ സഭയാണെന്ന നിത്യസ്പഷ്ടമായ അവബോധം പ്രത്യേകമായി അവർക്കുണ്ടായിരിക്കണം (Pius XII, Discourse to the New Cardinals, 20 February, 1946; AAs 38(1946).

ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയിൽ അംഗങ്ങളായിരിക്കുക വഴിയാണ് പുരോഹിതൻ, രാജാവ്, പ്രവാചകൻ എന്നീ നിലകളിലുള്ള ക്രിസ്തുവിന്റ ത്രിവിധ ദൗത്യത്തിൽ അല്മായ വിശ്വാസികൾ പങ്കുകാരാകുന്നത്. തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനവും ദൈവത്തിന്റെ സ്വന്തം ജനവും (1 പത്രോ. 2:9) എന്നു വിശ്വാസികളുടെ സമൂഹത്തെ വിശുദ്ധ പത്രോസ് വിളിക്കുമ്പോൾ ഇത് തന്നെയാണ് വ്യക്തമാക്കുന്നത്. അതായത്, സഭാകൂട്ടായ്മയിൽ നിന്നും ആവിർഭവിക്കുന്നതാണ്, ക്രിസ്തുവിന്റെ ത്രിവിധ ദൗത്യത്തിലുള്ള അല്മായ വിശ്വാസികളുടെ പങ്കാളിത്തം. അതുകൊണ്ട് ഇത് കൂട്ടായ്മയിലൂടെതന്നെ ജീവിക്കുകയും സാക്ഷാത്ക്കരിക്കുകയും കൂട്ടായ്മയുടെ വളർച്ചയ്ക്ക് സഹായകമാകുകയും വേണം.

അല്മായൻ ലോകത്തിൽനിന്നും എടുക്കപ്പെട്ടവനാണ്. ജ്ഞാനസ്നാനം വഴി ക്രിസ്തുവിൽ ഒന്നായിത്തീർന്നവൻ, എന്നാൽ

അവൻ സമ്പൂർണ്ണമായി ലോകത്തിൽ തന്നെയാണ്. ലോകത്തെ വിശുദ്ധീകരിക്കാനുള്ള പുളിമാവായി അവൻ അവിടെത്തന്നെ ജീവിക്കേണ്ടവനാണ്. ലോകത്തിൽ നിന്നും എടുക്കപ്പെട്ടവൻ, എന്നാൽ ലോകത്തിൽ നിന്ന് എടുത്ത് മാറ്റപ്പെട്ടവനല്ല (യോഹ.17). ലോകത്തിന്റെ വ്യാപാരങ്ങളിൽ മുഴുകി ജീവിച്ചുകൊണ്ട് എല്ലാം ക്രിസ്തുവിന്റെ ദീപ്തിയാൽ പ്രശോഭിതമാക്കേണ്ടവനാണ് ഓരോ അല്മായനും. ലോകത്തോടും ഭൗതികമണ്ഡലത്തോടുമുള്ള അല്മായന്റെ ബന്ധം, യഥോചിതമായി അവന്റെ ദൈവവിളിയുടെ ദൈവശാസ്ത്രപരവും സഭാസംബന്ധവുമായ അവസ്ഥാവിശേഷമാണ്; ഒരർത്ഥത്തിൽ അവന്റെ അതിസ്വാഭാവികാസ്തിത്വത്തിന്റെ ഭാഗമാണത്. അവന്റെ വിളിയുടെയും വിശുദ്ധീകരണത്തിന്റെയും, അക്കാരണത്താൽ, അവന്റെ ആദ്ധ്യാത്മികതയുടെയും ദൈവശാസ്ത്രപരമായ വേദിയാണ് ഈ ഭൗതികമണ്ഡലമത്രയും. അല്മാ യന്റെ പ്രവർത്തന മണ്ഡലം മുഖ്യമായും അവന്റെ ഭൗതികലോകം തന്നെയാണ്. അവിടെയാണ് അവന്റെ നിത്യത്തൊഴിൽ അരങ്ങേറുന്നതും, കുടുംബപരവും സാമൂഹ്യവുമായ ബന്ധങ്ങൾ ഉടലെടുക്കുന്നതും (തിരുസഭ -35). സുവിശേഷസത്യത്തിൽ അധിഷ്ഠിതമായ ജീവിതശൈലിയിലൂടെ, വഴിയും സത്യവും ജീവനും ക്രിസ്തുവാണെന്ന് പ്രഖ്യാപിക്കുന്ന, ക്രൈസ്തവജീവിതത്തിന്റെ അടിയുറച്ച സാക്ഷ്യത്തിലൂടെയാണ് അല്മായൻ ഭൗതികമണ്ഡലത്തിലെ കടമകൾ നിറവേറ്റേണ്ടത്. ഭൗതികമണ്ഡലത്തോട് വളരെയേറെ ബന്ധപ്പെട്ട് ജീവിക്കുന്ന അൽമായർ ഈ മണ്ഡലങ്ങളെയെല്ലാം പ്രകാശിപ്പിക്കുവാനും ക്രമീകരിക്കുവാനും വിളിക്കപ്പെട്ടവരാണ് എന്ന വസ്തുത വത്തിക്കാൻ കൗൺസിൽ (അല്മായർ, ചീ: 31) ആവർത്തിച്ചു പറയുന്നു.

സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ വ്യാപരിക്കുമ്പോഴും, പ്രേഷിത ശുശ്രൂഷയിൽനിന്ന് അല്മായന് മാറിനിൽക്കാൻ സാധിക്കുകയില്ല. പോയി സുവിശേഷം പ്രസംഗിക്കുക (മർക്കോ: 16,15) എന്ന യേശുവിന്റെ കല്പന, തീർച്ചയായും എപ്പോഴും അതിന്റെ സജീവവും സദാ നിർബന്ധിക്കുന്നതുമായ കടമ നിലനിർത്തുന്നു. ലോകത്തിൽ മാത്രമല്ല, സഭയുടെ പല ഭാഗങ്ങളിലും ഇന്ന് നില

വിലുള്ള സാഹചര്യം ക്രിസ്തുവിന്റെ വചനം കൂടുതൽ സന്നദ്ധത യോടും ഉദാരമായ വിധേയത്വത്തോടുംകൂടി സ്വീകരിക്കുവാൻ നിർ ബന്ധിക്കുന്നു. ഓരോ ശിഷ്യനും വ്യക്തിപരമായി പേരു ചൊല്ലി വിളിക്കപ്പെട്ടിരിക്കുന്നു. സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം (1 കൊറി 9: 16). സുവിശേഷം എല്ലാദേശങ്ങളിലും പ്രഘോ ഷണം ചെയ്യാനും, വിശ്വാസത്തിന്റെ നീരുറവ വറ്റിവരളുന്ന പ്രദേശ ങ്ങളിൽ വീണ്ടും സുവിശേഷവൽക്കരണം നടത്താനുള്ള അല്മാ യരുടെ ബാദ്ധ്യതയെക്കുറിച്ചു വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ അല്മായവിശ്വാസികൾ എന്ന ചാക്രിക ലേഖനത്തിൽ വിശദമായി പ്രതിപാദിക്കുന്നു (No. 23,33,34,35). അല്മായർ പ്രേഷിതവൃത്തി നിർവഹിക്കേണ്ടത് തങ്ങളുടെ പ്രവർത്തന പരി ധിയിൽ എല്ലാവരോടും സുവിശേഷ സന്ദേശം അറിയിച്ചുകൊണ്ടാണ്. ക്രിസ്തു നാഥന്റെ ഉയിർപ്പിന്റെ സാക്ഷിയായും, ദൈവത്തിന്റെ സജീ വമായ അസ്ഥിത്വത്തിന്റെ അടയാളമായും, ഓരോ അല്മായനും ലോകസമക്ഷം നിലകൊള്ളാൻ അയക്കപ്പെട്ടിരിക്കുകയാണ്. ക്രിസ്തീയ വിളിതന്നെ പ്രേഷിതത്വത്തിലേക്കുള്ള വിളിയാണ് (അല്മായ പ്രേഷിതത്വം No. 2) എന്ന പ്രസ്താവനയ്ക്ക് വി. പൗലോ സിന്റെ വാക്കുകൾ തെളിവ് നല്കുന്നു. അവൻ വഴി ശരീരം മുഴു വൻ, ഓരോ സന്ധിബന്ധവും അതതിന്റെ ജോലി നിർവഹിക്ക ത്തക്കവിധം സമന്വയിക്കപ്പെട്ട്, വളരുകയും സ്നേഹത്തിൽ രൂപപ്പെ ടുകയും ചെയ്യുന്നു (എഫേ 4:16) എന്ന് വി. പൗലോസ് ശ്ലീഹാ ഓർമ്മപ്പെടുത്തുന്നു.

തിരുസഭയുടെ മക്കൾ എന്ന നിലയിൽ അല്മായ സഹോദരങ്ങൾ പരസ്പരം കരുതാനും വളർത്താനും വിളിക്കപ്പെട്ടവരാണ്. ഒറ്റപ്പെട്ട വ്യക്തികൾ എന്ന രീതിയിൽ അല്ല, ഗാഢമായ ഐക്യത്തിൽ കഴി യുന്ന സമൂഹത്തിന്റെ അംഗങ്ങൾ എന്ന നിലയിലാണ് നാം ക്രിസ്തുശിഷ്യന്മാരാകുന്നത്. മിശിഹായുടെ മൗതികശരീരത്തിലെ അവയവങ്ങളാണ് നാം. നാം പലരാണെങ്കിലും ക്രിസ്തുവിൽ ഏക ശരീരമാണ്. എല്ലാവരും പരസ്പരം ബന്ധപ്പെട്ട അവയവങ്ങളുമാണ് (റോമ. 12.5) യേശു, ജീവിതത്തിൽ പ്രകടമാക്കിയ സാമൂഹിക പ്രതി ബദ്ധത ആദിമ സഭയുടെ ജീവിതശൈലിയായി മാറി. അവരുടെ

ഇടയിൽ ദാരിദ്ര്യദുഃഖമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല (അപ്പോ: പ്രവ. 4:34) എന്ന പരാമർശം സാമൂഹിക ജീവിതത്തെ ക്കുറിച്ച് അവർക്കുള്ള സങ്കല്പം എന്തായിരുന്നെന്നു ധ്വനിപ്പിക്കുന്നു. ആത്മരക്ഷയും സാമൂഹ്യക്ഷേമവും ഒത്തൊരുമിച്ച് കൊണ്ടുപോ കണമെന്ന് അവർ മനസിലാക്കുന്നു. ജെറുസലേമിലെ വിശ്വാസി കളുടെ ഇടയിൽ ദാരിദ്ര്യം ഉണ്ടായപ്പോൾ, സുവിശേഷ പ്രസംഗ ത്തിനിടയിൽപോലും പൗലോസ് അപ്പസ്തോലൻ മറ്റു സഭാ സമൂഹങ്ങളിൽ നിന്നു ധനശേഖരണം നടത്തി അവരെ സഹായി ച്ചുവെന്നത് (1കൊറി.16:1-4) ആദിമസഭയുടെ സാമൂഹ്യബോധ ത്തിന്റെ നല്ലൊരു തെളിവാണ്. അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിന് എത്തുക, ലോകത്തിന്റെ കളങ്കം ഏല്ക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക ഇതാണ് പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവു മായ ഭക്തി (യാക്കോബ് 1:27) എന്ന പ്രസ്താവന സഹോദരന്റെയും സമൂഹത്തിന്റെയും ക്ഷേമൈശ്വര്യങ്ങൾക്കായുള്ള പ്രവർത്തനം ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിത്തറയായി ആദിമസഭ കണ്ടി രുന്നുവെന്ന് വ്യക്തമാക്കുന്നു. വർത്തമാനകാലഘട്ടത്തിലെ മനുഷ്യ ജീവിതത്തിന്റെ സുഖദുഃഖങ്ങളിൽ അനുഭാവപൂർവ്വം ഉൾച്ചേർന്ന് ജീവിക്കാൻ അല്മായ സഹോദരങ്ങൾക്ക് സവിശേഷമായ കടമയുണ്ട്.

സമൂഹത്തിന്റെ വിവിധതലങ്ങളിൽ അഴിമതി, സ്വജനപക്ഷാ പാതം, കുറ്റകരമായ അനാസ്ഥ മുതലായ തിന്മകൾ നിയന്ത്രണാ തീതമായി വളർന്നുകൊണ്ടിരിക്കുകയാണ്. മദ്യപാനവും ആഡം ബരവും പാഴ്ചെലവുകളും മുമ്പെങ്ങുമില്ലാത്ത രീതിയിൽ വർദ്ധി ച്ചുവരുന്നു. കൈക്കൂലിയും, ശുപാർശയും ഇല്ലാതെ പൗരന്മാരുടെ പ്രാഥമികാവശ്യങ്ങൾപോലും നേടിയെടുക്കുവാൻ സാധിക്കുകയി ല്ലെന്ന ധാരണ വ്യാപകമായി പൊതുസമൂഹത്തിൽ നിലവിലുണ്ട്. നീതിബോധം, സത്യസന്ധത, സേവനമനോഭാവം, സാമാന്യമര്യാദ തുടങ്ങിയ സാമൂഹിക മൂല്യങ്ങൾ പൊതുരംഗത്തുനിന്ന് അപ്രത്യ ക്ഷമായിക്കൊണ്ടിരിക്കുന്നു. മറ്റുള്ളവരുടെ അവകാശങ്ങളോടുള്ള ആദരമല്ല, പണത്തിനും പ്രാമാണ്യത്തിനും വേണ്ടിയുള്ള തീരാദാ ഹമാണ് പലരുടെയും പെരുമാറ്റത്തെ നിയന്ത്രിക്കുന്നത്. ജീവൻ


അപഹരിക്കുക എന്നത് ഇന്ന് നിസാരകാര്യമായി മാറിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധരുടെ മാഫിയാ സംസ്ക്കാരത്തിന് മുമ്പിൽ തങ്ങൾ തികച്ചും നിസ്സാഹായരാണെന്നു സാധാരണജനങ്ങൾ കരുതുന്നു. അനീതിക്കെതിരെ പ്രതിഷേധിക്കാനോ വ്യത്യസ്ത നിലപാട് സ്വീകരിക്കാനോ അവർ ധൈര്യപ്പെടുന്നില്ല. ഈ ഭീതിതന്നെ സമൂഹഗാത്രത്തിലാകെ മരവിപ്പ് സൃഷ്ടിച്ചിട്ടുണ്ട്. ഈ ദുഃസ്ഥിതിയുടെ പശ്ചാത്തലത്തിൽ സങ്കോചമൊന്നും കൂടാതെ ചൂഷണം തുടരുവാൻ മുൻപറഞ്ഞ വിരുദ്ധശക്തികൾക്കു സാധിക്കുന്നു. പൊതു സമൂഹം നേരിടുന്ന അപചയങ്ങളെ ധാർമ്മിക മൂല്യങ്ങളിൽ അടി യുറച്ച് ജീവിച്ചുകാണിച്ചുകൊണ്ട് നേരിടുവാൻ അല്മായ സഹോദര ങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു.

അല്മായദിനം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അല്മായരുടെ പൊതു ആഘോഷമാണ്. എം.സി.എ, മാതൃസംഘം, പിതൃസംഘം, വിൻസെന്റ് ഡി.പോൾ, ലീജിയൻ ഓഫ് മേരീ തുടങ്ങിയ എല്ലാ അല്മായ സംഘടനകളും ഒരുമിച്ച് ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. സഭയുടെ വളർച്ചക്കും സമൂഹത്തിന്റെ വികസനത്തിനും വേണ്ടി അല്മായ പ്രസ്ഥാനങ്ങൾ നൽകുന്ന പങ്കാളിത്തവും സഹകരണവും ഞാൻ നന്ദിയോടെ ഇത്തരുണത്തിൽ സ്മരിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. സുവിശേഷസംഘത്തിലൂടെ അല്മായ സഹോദരീ സഹോദരന്മാർ നല്കുന്ന സാക്ഷ്യജീവിതവും പ്രതിബദ്ധതയും ആത്മസമർപ്പണവും ഞാൻ നന്ദിയോടെ ഓർക്കുന്നു. ബാഹ്യകേരള പശ്ചാത്തലത്തിൽ ഭവനങ്ങൾ കേന്ദ്രീകരിച്ചുള്ള മിഷൻ പ്രവർത്തനയജ്ഞത്തിൽ അല്മായ സഹോദരങ്ങൾ ഏറ്റെടുക്കുന്ന ത്യാഗം നിസ്തുലമാണ്. പ്രവാസ ജീവിതത്തിന്റെ പരിമിതിയും ഞെരുക്കങ്ങളും വകവയ്ക്കാതെ പ്രേഷിത തീഷ്ണതയാൽ നിറയുന്ന അല്മായ സഹോദരങ്ങൾ തിരുസഭയുടെ ശോഭയേറിയ സാക്ഷ്യമുഖമാണ്. ക്ലേശമേറിയ പ്രവാസ ജീവിതത്തിലും അധ്വാനത്തിന്റെ വലിയ ഓഹരി കാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കുന്ന സഹോദരങ്ങളെ ഞാൻ കടപ്പാടോടെ ഓർക്കുന്നു. അല്മായദിനത്തിലെ വിശുദ്ധ കുർബാനയുടെ സ്തോത്രകാഴ്ച നമ്മുടെ സഭയിലെ അല്മായ ശുശ്രൂഷ

യ്ക്കുവേണ്ടിയാണല്ലോ നാം വിനിയോഗിക്കുന്നത്. അന്നേ ദിവസം ഉദാരമായി സ്തോത്രകാഴ്ച നൽകി അനുഗ്രഹീതരാകുവാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സഭയുടെ പ്രത്യേക കാനോന 601 പ്രകാരം പ്രസ്തുത സ്തോത്രകാഴ്ച സമാഹരിച്ച് ബഹു. വികാരിയച്ചന്മാർ അതാത് അതിഭദ്രാസന, ഭദ്രാസന, എക്സാർക്കേറ്റ് പ്രൊക്യുറേറ്റർമാരുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതും പ്രൊക്യുറേറ്റർമാർ പ്രസ്തുത തുകയുടെ പകുതി കാതോലിക്കേറ്റ് സെന്ററിൽ സഭയുടെ ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അല്മായ പ്രസ്ഥാനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേഫ് പിതാവ് നമുക്ക് തുണയും മദ്ധ്യസ്ഥനുമായിരിക്കട്ടെ.

ഉത്ഥിതനായ കർത്താവ് എല്ലാ അല്മായ ശുശ്രൂഷകളെയും വാഴ്ത്തി അനുഗ്രഹിക്കട്ടെ.

എന്ന്,



✠ **ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
അൽമായർക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
അല്മായദിനം 2018

**N.B.** ഈ സർക്കുലർ അല്മായ ദിനമായ മെയ് 6-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.